بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 5

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadarqadian.in

2016 ഏപ്രിൽ 07/ഹി:ശം:1395 ശഹാദത്ത് 07/ഹി:ഖ: 1437 ജ:ആഖർ 28

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 മാർച്ച് 4 ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കത്തിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ആയിരക്കണക്കിന്നാളുകൾ സ്വപ്നത്തിൽ ഇയാൾ സത്യവാനാണ്, അല്ലാഹുവിൽനിന്നുള്ളയാളാണെന്ന് പറഞ്ഞതുകൊണ്ടുമാത്രം എനിക്ക് ബയ്അത്ത് ചെയ്തു. നബി(സ) തിരുമേനിയെ സ്വപ്നത്തിൽ കാണുകയും, അവിടന്ന് 'ലോകം അവസാനിക്കാൻ പോകുകയാണ്, ഇത് അല്ലാഹുവിന്റെ അവസാന ഖലീഫയും വാഗ്ദത്ത മസീഹുമാണ്' എന്ന് പറയുകയും ചെയ്ത കാരണത്താൽ ചിലർ ബയ്അത്ത് ചെയ്തു. ചില വലിയ മഹാത്മാക്കൾ എന്റെ ജനനത്തിനും ഞാൻ പ്രായമാകുന്നതിനും മുമ്പേ എന്റെ പേരെടുത്തുകൊണ്ട് ഞാൻ വാഗ്ദത്ത് മസീഹുമാണെന്ന വിവരം അറിയിച്ചു. തരത്തിലുള്ളതാണ് ചില അടയാളം; ഉദാഹരണത്തിന് നിഅ്മത്തുല്ലാഹ് ഒലിയെപോലേയും ലുധിയാന ജില്ലയിലെ ജമാൽപൂർവാസിയായ മിയാ ഗുലാബ് ശായയെപോലുള്ളവരും.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

*ഇനി ഞാൻ വ അമ്മാ ബിനഅ്മത്തി റബ്ബിക്ക ഫ ഹദ്ദിഥ്* എന്ന വിശുദ്ധവചനത്തിന്റെ അടിസ്ഥാനത്തിൽ എന്നെ സംബന്ധിച്ച് അതായത് അല്ലാഹു എന്നെ ആ മൂന്നാമത്തെ പദവിയിൽ പ്രവേശിപ്പിച്ച് എന്റെ പരിശ്രമത്താലല്ലാതെ ഉമ്മയുടെ ഗർഭപാത്രത്തിൽത്തന്നെ എനിക്കു പ്രദാനം ചെയ്യപ്പെട്ട ആ അനുഗ്രഹങ്ങൾ വിവരിക്കുകയാണ്. 1906 ജൂലായ് 16 ആയ ഇന്നുവരെ എനിക്കനുകൂലമായി അവൻ വെളിപ്പെടുത്തിയ അടയാളങ്ങൾ വെവ്വേറെ ഞാൻ എണ്ണിക്കണക്കാക്കിയപ്പോൾ അവ മൂന്നുലക്ഷത്തിലധികമാണെന്ന് അല്ലാഹുവിനെ സത്യം ചെയ്ത് എനിക്ക് പറയാൻ കഴിയും . എന്റെ സത്യത്തെ വിശ്വസിക്കാത്ത ആരെങ്കിലുമുണ്ടെങ്കിൽ അവന് തെളിവ് നല്കാൻ എനിക്ക് സാധിക്കുന്നതാണ്. അല്ലാഹു എല്ലാ ഘട്ടത്തിലും തന്റെ വാഗ്ദാനമനുസരിച്ച് ശത്രുക്കളുടെ ദ്രോഹപ്രവർത്തികളിൽനിന്ന് എന്നെ സുരക്ഷിതമാക്കിവെച്ച ചില അടയാളങ്ങളാണ് അവയിൽ ചിലത്. എല്ലാ അവസരത്തിലും തന്റെ വാഗ്ദാനമനുസരിച്ച് എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും അവൻ പൂർത്തിയാക്കിത്തന്ന തരത്തിലുള്ള അടയാളങ്ങളാണ് ചിലത്. ചില അടയാളങ്ങൾ എത്തരത്തിലുള്ളതാണെന്നാൽ, ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക എന്ന് അവൻ എന്നോടു വാഗ്ദാനം ചെയ്തതനുസരിച്ച് എനിക്കെതിരെ കേസുകൊടുത്തവന്റെ മേൽ പ്രവചനമനുസരിച്ച് എനിക്ക് വിജയം നല്കിയതാണ് ചില അടയാളങ്ങൾ. കാരണം ലോകമുണ്ടായ കാലം മുതൽ ഇത്ര സുദീർഘമായ കാലം ഒരു കള്ളവാദിക്കും ലഭിച്ചിട്ടില്ല. ചില അടയാളങ്ങൾ കാലത്തിന്റെ അവസ്ഥ കാണുന്നതിൽ നിന്നാണുണ്ടാകുന്നത്. അതായത് ഒരു ഇമാം ജനിക്കണമെന്ന ആവശ്യത്തെ കാലം അംഗീകരിക്കുന്നു. സുഹൃത്തുക്കൾക്കുവേണ്ടി ഞാൻ ചെയ്ത ദുആകൾ സ്വീകരിക്കപ്പെട്ട തരത്തിലുള്ളതാണ് ചില അടയാളങ്ങൾ. ദ്രോഹികളായ ശത്രുക്കളുടെമേൽ എന്റെ ശാപപ്രാർഥനയുടെ ഫലമുണ്ടായി എന്ന തരത്തിലുള്ളതാണ് ചില അടയാളങ്ങൾ. എന്റെ ദുആ കൊണ്ട് ഭയാനകമായ രോഗം ബാധിച്ചവർ സുഖം പ്രാപിച്ച തരത്തിലുള്ളതാണ് ചില അടയാളങ്ങൾ; സുഖം പ്രാപിക്കുമെന്ന് ആദ്യമേ എനിക്ക് അറിവ് നല്കിയിരുന്നു. എനിക്കു വേണ്ടിയും എന്നെ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടിയും പൊതുവായ നിലയിൽ അല്ലാഹു ഭൗമികമോ ആകാശീയമോ ആയ ദുരന്തങ്ങളുടെ തരത്തിൽ വെളിപ്പെടുത്തിയതാണ് ചില അടയാളങ്ങൾ. എന്നെ സത്യപ്പെടുത്തുന്നതിനായി വലിയ വലിയ ആത്മീയാചാര്യന്മാർക്ക്- അവർ പ്രസിദ്ധരായ ഫക്കീറുമാരിൽപ്പെട്ടവരാണ്- സ്വപ്നങ്ങളുണ്ടായി എന്ന തരത്തിലുള്ളതാണ് ചില അടയാളങ്ങൾ. നബി(സ) തിരുമേനിയെ സ്വപ്നത്തിൽ കണ്ടു; സിദ്ധന്റെ പീഠമലങ്കരിക്കുന്ന സിന്ധിലെ സാഹിബുൽ അലമിനെപ്പോലെ. അദ്ദേഹത്തിന് ഒരു ലക്ഷത്തോളം മുരീദന്മാരുണ്ട്. അതുപോലെത്തന്നെ ചാചടാക്കാരനായ ഖാജ ഗുലാം ഫരീദുദ്ദീൻ സാഹിബ്. ആയിരക്കണക്കിന്നാളുകൾ സ്വപ്നത്തിൽ ഇയാൾ സത്യവാനാണ്, അല്ലാഹുവിൽനിന്നുള്ളയാളാണെന്ന് പറഞ്ഞതുകൊണ്ടുമാത്രം എനിക്ക് ബയ്അത്ത് ചെയ്തു. ചില അടയാളങ്ങൾ അങ്ങനെയുള്ളതാണ്. നബി(സ) തിരുമേനിയെ സ്വപ്നത്തിൽ കാണുകയും, അവിടന്ന് 'ലോകം അവസാനിക്കാൻ പോകുകയാണ്, ഇത് അല്ലാഹുവിന്റെ അവസാന ഖലീഫയും വാഗ്ദത്ത മസീഹുമാണ്' എന്ന് പറയുകയും ചെയ്ത കാരണത്താൽ ചിലർ ബയ്അത്ത് ചെയ്തു. ചില വലിയ മഹാത്മാക്കൾ എന്റെ ജനനത്തിനും പ്രായമാകുന്നതിനും മുമ്പേ എന്റെ പേരെടുത്തുകൊണ്ട് ഞാൻ വാഗ്ദത്ത് മസീഹുമാണെന്ന വിവരം അറിയിച്ച തരത്തിലുള്ളതാണ് ചില അടയാളം. ഉദാഹരണത്തിന് നിഅ്മത്തുല്ലാഹ് ഒലിയെപോലേയും ലുധിയാന ജില്ലയിലെ ജമാൽപൂർവാസിയായ മിയാ ഗുലാബ് ശായയെപോലുള്ളവരും. ചില അടയാളങ്ങൾ ഉണ്ട്. അതിന്റെ കോന്തല എല്ലാ ഓരോ ജനതയ്ക്കുമെതിരിലും എല്ലാ ഓരോ രാജ്യംവരേയും എല്ലാ ഓരോ കാലംവരേയും വിശാലമായിപ്പോയിരിക്കുന്നു. ആ പരമ്പര മുബാഹല(പ്രാർഥനാസമരം) ആണ്. ഇതിന്റെ ഒരുപാട് മാതൃക ലോകം കണ്ടുകഴിഞ്ഞു.

മൗലവി ഗുലാം ദസ്തഗീർ ഖസൂരിയുടെ ഗ്രന്ഥം കണ്ടിട്ട് എങ്ങനെയാണ് അയാൾ സ്വന്തം നിലയിൽ ഞാനുമായി മുബാഹല നടത്തിയതെന്ന് എല്ലാ ഓരോ നീതിമാനും മനസ്സിലാക്കാവുന്നതാണ്. തന്റെ ഗ്രന്ഥമായ ഫയ്ളെ റഹ്മാനിയിൽ അത് പ്രസിദ്ധീകരിച്ചു. പിന്നീട് ഈ മുബാഹലയ്ക്ക് കുറച്ചുദിവസം കഴിഞ്ഞപ്പോൾ മരിക്കുകയും ചെയ്തു. എപ്രകാരമാണ് ജമ്മുവാസിയായ ചിരാഗ്ദീൻ സ്വന്തമായ നിലയിൽ മുബാഹല ചെയ്തത്. അയാൾ എഴുതി: ഞങ്ങൾ രണ്ടുപേരിൽ അസത്യവാനെ അല്ലാഹു നശിപ്പിക്കട്ടെ. അതു പറഞ്ഞ് കുറച്ചു ദിവസത്തിനുശേഷം തന്റെ രണ്ടു കുട്ടികളോടൊപ്പം പ്ലേഗ് പിടിച്ച് മരിച്ചുപോയി. (ഹഖീഖത്തുൽ വഹ്യ് വാല്യം 22, പേജ് 70-72)



## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖിലാഫത്തിനോടു ചേർന്നിരിക്കുക

**മൗലാനാ ഗുലാം നബി സാഹിബ് നിയാസ്**
**മുൻ.മുബല്ലിഗ് ഇൻചാർജ് കശ്മീർ.**

മുസ്‌ലിം ജനത തങ്ങളുടെ കർമങ്ങളുടെ ഫലമായി ഖിലാഫത്തിന്റെ അനുഗ്രഹം നിഷേധിക്കപ്പെടുന്നവരായിത്തീരുന്ന ഒരു കാലം വരാൻപോകുന്നുണ്ടെന്ന് നബി(സ) തിരുമേനിയുടെ ഹദീദുകൾ നമുക്ക് മാർഗദർശനം നല്കുന്നുണ്ടായിരുന്നു. അങ്ങനെ ഇന്ന് മുഴുവൻ ഇസ്‌ലാമിക ലോകത്തിനും, ഖിലാഫത്തില്ലാത്ത മുസ്‌ലിം ജനത കടിഞ്ഞാണില്ലാത്ത അശ്വമാണെന്ന് ബോധം വന്നിരിക്കുന്നു. വാസ്തവത്തിൽ അല്ലാഹുവും അവന്റെ ഹബീബായ മുഹമ്മദു മുസ്തഫാ(സ)യും അതിന്റെ ചികിത്സ ഖിലാഫത്ത് എന്ന അനുഗ്രഹവുമായി ചേർന്നിരിക്കുകയാണെന്നു പറയുകയുണ്ടായി. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: *വഅ്തസിമൂ ബി ഹബ്‌ലില്ലാഹി ജമീഅൻ വ്വലാ തഫർറഖൂ* അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. പരസ്പരം ഭിന്നിക്കാതിരിക്കുക. ചിതറിപ്പോകാതിരിക്കുക.

ഹബ്ലുല്ലാഹ് എന്നതുകൊണ്ട് വിശുദ്ധഖുർആനും ഇസ്‌ലാമുമാണ് ഉദ്ദേശ്യമെന്നെടുക്കപ്പെടുമ്പോൾ ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ് മുഹദ്ദിഥ് ദഹ്‌ലവി, അതുകൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമിക ഖിലാഫത്താണെന്ന് പറഞ്ഞിരിക്കുന്നു. അവിടന്ന് പറയുന്നു: ഹബ്ലുല്ലാഹ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കേവലം ഇസ്‌ലാമിക സത്യഖിലാഫത്താണ്. നബി(സ) തിരുമേനി പറയുന്നു: *ഇഖ്തദൂ ബില്ലദീന മിൻബഅ്ദീ അബീബക്ർിൻ വ ഉമറ ഫഇന്നഹുമാ ഹബ്‌ലുല്ലാഹിൽ മംദൂദി ഫമൻ തമസ്സക്ക ബിഹിമാ ഫഖദ് തമസ്സക്ക ബിൽഉർവത്തിൽ വുഥ്ഖാ ലൻഫിസാമലഹാ* (ഇസാലത്തുൽ ഖുലഫാ പേ:64) അതായത് എനിക്കുശേഷം അബൂബക്കറിനേയും ഉമറിനേയും പിൻപറ്റുക. കാരണം അവർ രണ്ടുപേരും അല്ലാഹുവിന്റെ ദീർഘമായ കയറാണ്. ആരാണോ അത് രണ്ടിനേയും മുറുകെപിടിച്ചത്, അവൻ പൊട്ടാത്ത വസ്തുവിനെ പിടിച്ചിരിക്കുന്നു.

### ഖിലാഫത്തെ റാശിദായുടെ സ്ഥാപനം:

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അനുഗൃഹീത വേർപാടിനുശേഷം എല്ലാ സ്വഹാബാക്കളും സയ്യിദുനാ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ അനുഗൃഹീത കരങ്ങളിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. അദ്ദേഹത്തിനുശേഷം സയ്യിദുനാ ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് ഉഥ്മാൻഗനി(റ) ഹദ്റത്ത് അലി(റ)ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ആ പ്രഗത്ഭരായ പുണ്യാത്മാക്കളുടെ കൈയിൽ ബയ്അത്ത് ചെയ്ത മുസ്‌ലിം ജനതയെ ഐക്യത്തോടെ കഴിയാനും ഇസ്‌ലാമിക സത്യഖിലാഫത്തിനെ കേന്ദ്രമാക്കാനും അവർ പാഠം നല്കി.

ഈ എല്ലാ ആത്മീയഖലീഫമാരും ഏതൊരു ജീവാർപണത്തോടും, അത്യുത്സാഹത്തോടും യുക്തിയോടും കൂടിയാണോ മതപരമായ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തിയത്, അത് ഇസ്‌ലാമിക ചരിത്രങ്ങളുടെ സുവർണാധ്യായമാണ്. ഈ പുണ്യാത്മാക്കൾ ഇല്ലായിരുന്നെങ്കിൽ ദീനിന്റെ രൂപം എന്തായിരിക്കുമെന്ന് ആർക്കാണറിയുക? ഈ ഉന്നതരായ പുണ്യാത്മാക്കൾ കാരണത്താൽ, ഈടുറ്റ ദീനിന് ശക്തമായ കെട്ടുറപ്പ് കരസ്ഥമായി. ഇസ്‌ലാം അറേബ്യയുടെ അതിരുകളെ കവച്ചുകൊണ്ട് ദൂരദൂരവരെ പ്രകാശിച്ചു.

ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) ഖിലാഫത്തെ റാശിദായുടെ ഒന്നാമത്തെ കാലഘട്ടം 30 വർഷം പറഞ്ഞിരുന്നു. അൽഖിലാഫത്തു ഥലാഥൂന സനത്തൻ എന്നു പറഞ്ഞതുപോലെ. അതായത് ഖിലാഫത്ത് 30 വർഷംവരെ നിലനില്ക്കുന്നതാണ്. (മിശ്ക്കാത്തുൽ മസ്വാബീഹ് കിതാബുൽ ഫിതൻ, പേജ് 463).

ഖിലാഫത്തെ റാശിദായ്ക്കുശേഷം അധോഗതിയുടേയും അധഃപതനത്തിന്റേയും കാലഘട്ടം മുസ്‌ലിം സമുദായത്തിന്റെമേൽ വരേണ്ടത് വിധിക്കപ്പെട്ട കാര്യമായിരുന്നു. അല്ലാഹു തന്റെ പ്രിയപ്പെട്ട നബി ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) യുടെമേൽ ആദ്യമേതന്നെ അത് വ്യക്തമാക്കിയിരുന്നു. അതായത് ഈ ഉമ്മത്ത് ഒരിക്കലും നശിക്കുകയില്ല. അതിന്റെ തുടക്കത്തിൽ ഞാനുണ്ട്. അവസാനത്തിൽ വാഗ്ദത്ത മസീഹുമുണ്ട്. (കൻസുൽഉമ്മാൽ ജാമിഉൽ മുഗർറ്, പേ:104)

അവിടന്ന് മുസ്‌ലിം ഉമ്മത്തിന്റെ പരിഷ്കരണത്തിനുള്ള അവസ്ഥ പറഞ്ഞത് ഇങ്ങനെയാണ്: *ഇന്നല്ലാഹ അസ്സവജല്ല യബ്അഥു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സി കുല്ലി മിഅത്തി സനത്തിൻ മൻയ്യുജദ്ദിദു ലഹാ ദീനഹാ -റവാഹു അബൂദാവൂദ്-* (മിശ്ക്കാത്ത്, പേജ് 36)

ഈ ഉമ്മത്തിനുവേണ്ടി അല്ലാഹു ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ ദീനിനെ പുതിയതാക്കി വെക്കുന്നതിനും പുതിയതായി തൗബ ചെയ്യിക്കുന്നതിനും ആളുകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതാണ്.

നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് മുസ്‌ലിം സമുദായത്തിന്റെ പരിഷ്കരണത്തിന് 13-ാം നൂറ്റാണ്ടുവരെ മുജദ്ദിദീംകളുടെ (പരിഷ്ക്കർത്താക്കളുടെ) കാലഘട്ടം നടന്നുവന്നു. പതിനാലാം നൂറ്റാണ്ടിൽ വാഗ്ദത്ത മഹ്ദിയും മസീഹും വരേണ്ടത് വിധിക്കപ്പെട്ടതായിരുന്നു. അദ്ദേഹവും തന്റെ സമയത്തുതന്നെ വന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിനുശേഷം, വീണ്ടും ഖിലാഫത്തുൻ അലാ മിൻഹാജി നുബുവ്വത്തിന്റെ കാലഘട്ടം സമാഗതമായി. അത് ഇൻശാഅല്ലാഹ് ഖിയാമത്തുന്നാൾവരെ നടന്നുകൊണ്ടിരിക്കുന്നതാണ്.

അല്ലാഹു ഖിലാഫത്തെ റാശിദായുടെ വാഗ്ദാനം സത്യവിശ്വാസികളോടു സൽക്കർമത്തിന്റെ നിബന്ധനയോടെയാണ് ചെയ്തിട്ടുള്ളതെന്നതിൽ സംശയമില്ല. അതിന്റെ വ്യക്തമായ ഉദ്ദേശ്യം, സൽക്കർമങ്ങൾ ഇല്ലാതാകുമ്പോൾ ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് മുസ്‌ലിം ജനത പിന്തള്ളപ്പെടുമെന്നാണ; ഖിലാഫത്തെ റാശിദായുടെ ഒന്നാമത്തെ കാലഘട്ടത്തിനുശേഷം ഉണ്ടായതുപോലെ! അല്ലാഹു ഖിലാഫത്തിന്റെ അനുഗ്രഹത്തിലൂടെ നമ്മെ എപ്പോഴും കടാക്ഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

### ഒന്നാം കാലഘട്ടത്തിന്റേയും രണ്ടാം കാലഘട്ടത്തിന്റേയും മാതൃക:

നബി(സ) തിരുമേനി പറഞ്ഞു: 'അവസാനഭാഗമാണോ കൂടുതൽ ഫലപ്രദം അതല്ല ആദ്യഭാഗമാണോ ഫലപ്രദം എന്നു പറയാൻ പറ്റാത്ത മഴയുടെ അവസ്ഥപോലെയാണ് എന്റെ സമുദായം.' 'ആരംഭത്തിൽ ഞാനും അവസാനം വാഗ്ദത്ത മസീഹും(റ) ഉള്ള സമുദായം എങ്ങനെ നശിക്കാനാണ്?' എന്നും ഇതേ ഹദീഥിന്റെ അവസാനഭാഗത്ത് പറയുകയുണ്ടായി.

നബി(സ)തിരുമേനി അവസാന കാലഘട്ടത്തെക്കുറിച്ച് ഇങ്ങനെയും പറഞ്ഞു: 'ഈ ഉമ്മത്തിന്റെ അവസാനഭാഗത്ത് സ്വഹാബാക്കളെപോലെ പുണ്യം പ്രാപിക്കുന്ന ഒരു ജമാഅത്തുണ്ടാകും. അവർ നല്ല കാര്യങ്ങൾ കല്പിക്കുന്നവരായിരിക്കും. നിഷിദ്ധകാര്യങ്ങൾ തടയുന്നവരായിരിക്കും.

ആ ജമാഅത്തിലെ ആളുകൾ എല്ലാ ഫിത്നക്കാരേയും നേരിട്ട് അവരെ പരാജയപ്പെടുത്തുന്നതായിരിക്കും.' (മിശ്ക്കാത്തുൽ മസ്വാബീഹ്, പേജ് 485)

ഹദീഥിൽ വിവരിക്കപ്പെട്ടിരിക്കുന്ന ജമാഅത്തിന്റെ തെളിവ് വാഗ്ദത്തമസീഹിന്റെ ജമാഅത്താകാനേ തരമുള്ളൂ എന്നത് വ്യക്തമാണ്. ആ അനുഗ്രഹം പ്രാപിക്കുന്ന ജമാഅത്ത് ഇവരായിരിക്കുമെന്നും നബി(സ)തിരുമേനി പറഞ്ഞു. അതിന് ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തിന്റെ നാമം നല്കപ്പെട്ടു. ഹദ്റത്ത് ഹുദയ്ഫ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തുകളയും. പിന്നീട് അവൻ ഇച്ഛിക്കുന്നതുവരെ നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. പിന്നീട് അല്ലാഹു അതിനേയും എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനുശേഷം തിരുനബി(സ) മൗനമവലംബിച്ചു.'

പ്രസ്തുത ഹദീഥിൽനിന്ന് വ്യക്തമാകുന്നത് ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തിന്റെ രണ്ട് കാലഘട്ടമുണ്ടെന്നാണ്. ഒന്ന് നബി(സ) തിരുമേനിക്ക് ശേഷമുണ്ടായത്. രണ്ടാമത്തേത് മസീഹ് മൗഊദ്(റ)നു ശേഷമുണ്ടാകുന്നത്. ഹദീഥ് വ്യാഖ്യാതാക്കളും ഇതെഴുതിയിരിക്കുന്നു: *അള്ളാഹിറു അന്നൽമുറാദബിഹീ സമനുൻ ഈസാ വൽമഹ്ദിയ്യി.*(മിശ്കാത്ത്) അതായത്, ഹദീഥിന്റെ അവസാനം പറഞ്ഞ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത് കൊണ്ടുള്ള ഉദ്ദേശ്യം വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലഘട്ടമാണ്. ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത് എന്നു പറഞ്ഞുകൊണ്ട് നബി(സ) തിരുമേനി മൗനമവലംബിച്ചു. ഇതിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് മഹ്ദിക്കും മസീഹിനും ശേഷം ഖിലാഫത്തിന്റെ കാലഘട്ടം ഖിയാമത്തുന്നാൾവരെ നിലകൊള്ളുമെന്നാണ്.

### വാഗ്ദത്ത മസീഹിന്റെ നിയോഗവും ഖിലാഫത്തിന്റെ സംസ്ഥാപനവും:

ദൈവിക ഏടുകളും പ്രവചനങ്ങളുമനുസരിച്ച് കൃത്യസമയത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ അല്ലാഹു ഖാദിയാന്റെ പവിത്രഭൂമിയിൽ നിയോഗിച്ചു. ഹിജ്റ വർഷം 1250 ലാണ് അദ്ദേഹം ജനിച്ചത്. 1290ൽ അല്ലാഹു അദ്ദേഹത്തിന് ഭാഷണവും സംബോധനയും കൊണ്ടനുഗ്രഹിച്ചു. കാലത്തിന്റെ മുജദ്ദിദാണെന്ന വാദം 1885 ലായിരുന്നു. 1890 ന്റെ അവസാനം വാഗ്ദത്ത മസീഹാണെന്ന് വാദിച്ചു. 1908 മെയ് 26ന് ആ ദിവ്യാത്മാവ് വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ അവിടത്തെ വേർപാടിനുശേഷം വസിയ്യത്തനുസരിച്ച് ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നു. ജമാഅത്ത് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ പരിശുദ്ധകരങ്ങളിൽ ബയ്അത്ത് ചെയ്ത് രണ്ടാം ശക്തിപ്രഭാവത്തെ സാക്ഷ്യപ്പെടുത്തുന്നവരായി. *ഫൽഹംദുലില്ലാഹി അലാ ഇഹ്സാനിഹി വ ഫള്‌ലിഹി.*

അനശ്വരമായ ഖിലാഫത്തിനെക്കുറിച്ചുള്ള സുവാർത്ത ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിന് തന്റെ വിയോഗത്തിനുമുമ്പേ നല്കിയിരുന്നു. 1905 ഡിസംബർ 24ന് പ്രസിദ്ധീകരിച്ച തന്റെ

**ശേഷം പേജ് 8ൽ**

## ഖുത്‌ബ ജുമുഅ

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞ പാഠമുൾക്കൊള്ളുന്ന സംഭവങ്ങളുടെ ചർച്ച**

**നീതിക്കുവേണ്ടി കോടതിയിൽ പോകുക എന്നത് അനുവദനീയമാണ്. എന്നാൽ, ഇരുന്നുകൊണ്ട് സുഹൃത്തുക്കളും മധ്യസ്ഥതയും മുഖേന തീരുമാനമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ കോടതിയിൽ പോകാതിരിക്കേണ്ടതാണ്. ശാഠ്യം പിടിക്കുകയും ചെയ്യരുത്. തങ്ങളുടെ മാതാപിതാക്കളോടു നല്ല നിലയിൽ പെരുമാറുകയെന്നത് എല്ലാ മനുഷ്യരുടേയും നിർബന്ധകടമയാണ്. അവരുടെ ഒരു കല്പനയ്ക്കും വിരുദ്ധം പ്രവർത്തിക്കരുത്. എന്നാൽ, ഉചിതമായ നിലിൽ തങ്ങളുടെ മാതാപിതാക്കളെ ആദരിക്കാത്ത ധാരാളം യുവാക്കളുണ്ട്. അവരോടുള്ള കടമകളും ശ്രദ്ധിക്കുന്നില്ല. വിശുദ്ധ ഖുർആനിൽ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീറുകൾ പഠിക്കേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഉം തഫ്സീർ എഴുതിയിട്ടുണ്ട്. അതും പഠിക്കേണ്ടതാണ്. ഖലീഫമാരുടെ വിശദീകരണങ്ങളുണ്ട്. ചില ആയത്തുകളുടെ തഫ്സീറുമുണ്ട്. അത് നോക്കേണ്ടതാണ്. സ്വയം ചിന്തിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽനിന്നുതന്നെ അറിവിന്റേയും സൂക്ഷ്മജ്ഞാനത്തിന്റേയും പോയന്റ് അന്വേഷിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും ഉറച്ചതും കൃത്യവുമായ ബന്ധമുണ്ടാകുമ്പോഴാണ് ഒരു അഹ്മദിയുടെ ഈമാൻ സംരക്ഷിക്കപ്പെടാവുന്നത്. ആ ബന്ധത്തിന് ഈ മാർഗങ്ങൾ ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. അവയിൽനിന്ന് അകന്നിരുന്നാലും ആ ബന്ധം നിലനില്ക്കണം. ഇപ്പോൾ എം.ടി.എയും ഇപ്രകാരംതന്നെ ജമാഅത്തിന്റെ അൽഇസ്‌ലാം വെബ്സൈറ്റും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തബ്‌ലീഗ് എത്തിക്കുന്നതിനും എല്ലാ അഹ്മദികളുടേയും ശിക്ഷണത്തിനും ഖിലാഫത്തുമായിട്ടുള്ള ബന്ധത്തിനുമുള്ള വളരെ നല്ല മാർഗമാണ്. അതുമായി കൂടിച്ചേർന്നിരിക്കാൻ ശ്രമിക്കേണ്ടത് എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. ഇത് തങ്ങളുടെ സുഹൃത്തുക്കൾക്കും പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്.**

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

2016 മാർച്ച് 4/ഹി:ശം: 1395 അമാൻ 4
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ കുറെ കാലമായി ചില ജുമുഅ ഖുത്‌ബകളിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞ പാഠമുൾക്കൊള്ളുന്ന ചില പഴഞ്ചൊല്ലുകളും ഉപദേശക്കഥകളും ഞാൻ വിവരിച്ചിരുന്നു. ഇന്ന് വിവരിക്കുന്നതിനുവേണ്ടി ഈ ഉപദേശക്കഥകൾ ഞാൻ തിരഞ്ഞെടുത്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിട്ടുള്ള പാക്കിസ്താനിലേയും ഭാരതത്തിലേയും പൗരാണികമായ കഥകളും നിവേദനങ്ങളും ഇന്നുവരെ നിലകൊള്ളുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആശ്രയിച്ചാണല്ലോ എന്ന ചിന്ത ഉണ്ടായി. ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ഇത് ഉണ്ടായിരുന്നില്ലെങ്കിൽ എപ്പോഴേ ഇതെല്ലാം എവിടെയെങ്കിലും മറയടക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകും. ഈ ആധുനിക കാലത്ത് അതാരും അറിയുകയും ഇല്ലായിരുന്നു. ഇന്ന് ഇക്കാര്യങ്ങൾ പല ഭാഷകളിൽ തർജമ ചെയ്യപ്പെടുകയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ ഇന്ന് ആ നിവേദനങ്ങൾ വിവരിക്കണമെന്ന് വിചാരിക്കുകയായിരുന്നു. ഇത് വെറും കഥകളല്ല. പ്രത്യുത ചില വസ്തുതാപരമായ സംഭവങ്ങളുമാണ്. അവയിൽ ചിലതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉപദേശവും നല്കിയിട്ടുണ്ട്. ചിലയിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ചില കാര്യങ്ങളെ കുറിച്ച് പറയുമ്പോൾ ബാഹ്യമായി അത് ഫലിതങ്ങളായിരിക്കും. പക്ഷേ, ആ ഫലിതങ്ങളിലും പരിഷ്കരണത്തിന്റെ വശം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അത്തരത്തിലുള്ള ഒരു ഫലിതം സമർപിക്കുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ)തോട്ടക്കാരിയുടെ ഉദാഹരണം വിവരിക്കാറുണ്ടായിരുന്നു. പറഞ്ഞു: അവർക്ക് രണ്ടു പെൺകുട്ടികളുണ്ടായിരുന്നു. ഒന്നിനെ കുശവന്റെ വീട്ടിലും ഒന്നിനെ തോട്ടക്കാരന്റെ വീട്ടിലും കെട്ടിച്ചയച്ചു. കാർമേഘമുണ്ടാകുമ്പോൾ ആ സ്ത്രീ ഭ്രാന്തിയായി പരിഭ്രമിച്ച് ഓടിനടക്കുമായിരുന്നു. അവർക്കെന്തുപറ്റിയെന്ന് ആളുകൾ ചോദിക്കുമായിരുന്നു. അവൾ പറയും എന്റെ ഒരു മകൾ ഇനി ഉണ്ടാവില്ല. എന്തുകൊണ്ട്? മഴയുണ്ടായാൽ കുശവന്റെ വീട്ടിൽ കെട്ടിച്ചവൾ ഉണ്ടാവില്ല. അവളുടെ കുടിൽവ്യവസായം തകർന്നുപോകും. ഇനി മഴയുണ്ടായില്ലെങ്കിൽ തോട്ടക്കാരുടെ വീടും ഉണ്ടാകുകയില്ല. മഴ ഉണ്ടാകാത്ത കാരണത്താൽ അവരുടെ പച്ചക്കറികളും മറ്റും മുളയ്ക്കുകയില്ല. എന്തായാലും മഴപെയ്താൽ കുശവസ്ത്രീയുടെ പാത്രം നാശമാകും മഴപെയ്തില്ലെങ്കിൽ പച്ചക്കറിക്കാരുടെ പച്ചക്കറികളിൽ നഷ്ടമുണ്ടാകും.(ഖുത്‌ബാത്തെ മഹ്മൂദ് വാള്യം 3 പേജ് 211)

ബാഹ്യമായി നോക്കുമ്പോൾ അപ്രധാനമായി തോന്നുന്ന ഈ നിസാരകാര്യം പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)അനുബന്ധമായി ഉദാഹരണം പറഞ്ഞിരിക്കുന്നു: 'ഖാദിയാനിലെ രണ്ടാളുകൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. ആളുകൾ അവർക്ക് മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, തങ്ങൾക്ക് ഇംഗ്ലീഷുകാരുടെ കോടതിയിൽ പോകണമെന്നും അവിടെനിന്ന് തീരുമാനം ഉണ്ടാകണമെന്നും രണ്ടുപേരും പറഞ്ഞു. ഒരാൾ മറ്റൊരാളുടെമേൽ സർക്കാർകോടതിയിൽ കേസുനല്കി. കേസു വിളിക്കുന്ന ദിവസം അവർ നേരിട്ടോ അവരുടെ പ്രതിനിധികളോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ദുആയ്ക്ക് പറയാൻ വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. രണ്ടുപേരും എന്റെ ശിഷ്യരാണ്. ഇരുവരുമായി എനിക്കു ബന്ധവുമുണ്ട്. ഒരുവൻ ജയിക്കാനും ഒരുവൻ തോക്കാനും ആർക്കുവേണ്ടിയാണ് ദുആ ചെയ്യേണ്ടത്. ആരാണോ സത്യവാൻ, അവൻ ജയിക്കണമെന്നാണ് ഞാൻ ദുആ ചെയ്യുന്നത്.

ഇന്നും ഇതേ അവസ്ഥയാണ്. അഹ്മദി ഒരാൾ മറ്റൊരാളുടെമേൽ ഖളായിൽ കേസുകൊടുക്കുമ്പോൾ ദുആ ചെയ്യാൻ അതിനോടൊപ്പം എഴുതുകയും ചെയ്യുന്നു. ഇങ്ങനെ ദുആയ്ക്കുവേണ്ടി പറയുന്നത് മഴ ഉണ്ടാകുകയോ ഉണ്ടാകാതിരിക്കുയോ ചെയ്യുന്ന കാര്യംപോലെയാണ്. ഒന്നുകിൽ കുശവന്റെ വീട്ടിൽ കെട്ടിച്ച പെണ്ണ് പട്ടിണിയിലാകും. അല്ലെങ്കിൽ തോട്ടക്കാരന്റെ വീട്ടിൽ കെട്ടിച്ച പെണ്ണിന് നഷ്ടം സംഭവിക്കും. എന്തായാലും ഒരുവന് നഷ്ടം സഹിക്കേണ്ടിവരും. ഇവിടെ ഇതുംകൂടി വ്യക്തമാക്കട്ടെ, ഈ ഉദാഹരണത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ കേസു നടന്നിരുന്നെങ്കിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ല, അത് അനുവദനീയമാണെന്ന് ആരും മനസ്സിലാക്കരുത്. നീതിക്കുവേണ്ടി കോടതിയിൽ പോകുക എന്നത് അനുവദനീയമാണ്. എന്നാൽ, കൂടിയിരുന്ന് സുഹൃത്തുക്കളും മധ്യസ്ഥതയും മുഖേന തീരുമാനമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ കോടതിയിൽ പോകാതിരിക്കേണ്ടതാണ്. ശാഠ്യം പിടിക്കുകയും ചെയ്യരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം കോടതി കയറി ഇറങ്ങുന്ന രീതി ഇഷ്ടപ്പെട്ടിരുന്നില്ല. ശാഠ്യം എന്നത് നല്ല കാര്യമല്ല. അതുകൊണ്ട് ശാഠ്യത്തിൽനിന്നും രക്ഷപ്പെടേണ്ടതാണ്. പിന്നീട് ദുആ ചെയ്യാൻ പറഞ്ഞ് ഇമാമിനേയും പ്രയാസങ്ങളിൽ ഇടുന്നതിൽ നിന്ന് രക്ഷിക്കേണ്ടതാണ്. കാരണം ഇരുകക്ഷികളും അഹ്മദികളാണെങ്കിൽ ആർക്കുവേണ്ടിയാണ് ദുആ ചെയ്യേണ്ടത് ആർക്കുവേണ്ടിയാണ് ചെയ്യാതിരിക്കേണ്ടത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ, ആർക്കാണോ അവകാശപ്പെട്ടത് അവന് കൊടുക്കുക എന്നാണ് ഞാനും ദുആ ചെയ്യുന്നത്.

പിന്നീട് മാതാപിതാക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം എന്ന കല്പനയിലേക്ക് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദീനിന്റെ കാര്യങ്ങളിലും അല്ലാഹുവിന്റെ കല്പനകളുടെ കാര്യങ്ങളിലുമല്ലാതെ മറ്റെല്ലാ കാര്യങ്ങളിലും മാതാപിതാക്കളെ അനുസരിക്കുകയും അവരോടുള്ള കടമ നിറവേറ്റുകയും ചെയ്യേണ്ടതാണ്. മതപരമായ കാര്യങ്ങൾ വരുമ്പോൾ, ഞാൻ നിങ്ങളെ ആദരിക്കുന്നു, പക്ഷേ, അല്ലാഹുവിന്റെ കാര്യമായതിനാൽ അംഗീകരിക്കാതിരിക്കാൻ ഞാൻ നിർബന്ധിതനാണ് എന്ന് അവരോടു പറയാവുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: തങ്ങളുടെ മാതാപിതാക്കളോടു നല്ല നിലയിൽ പെരുമാറുകയെന്നത് എല്ലാ മനുഷ്യരുടേയും നിർബന്ധകടമയാണ്. അവരുടെ ഒരു കല്പനയ്ക്കും വിരുദ്ധം പ്രവർത്തിക്കരുത്. എന്നാൽ, ഉചിതമായ നിലിൽ തങ്ങളുടെ മാതാപിതാക്കളെ ആദരിക്കാത്ത ധാരാളം യുവാക്കളുണ്ട്. അവരോടുള്ള കടമകളും ശ്രദ്ധിക്കുന്നില്ല. ഇനി നല്ല ഉദ്യോഗം കിട്ടിയാൽ തന്റെ ദരിദ്രരായ മാതാപിതാക്കളെ കാണുന്നതുപോലും നാണക്കേടായി മനസ്സിലാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)കേൾപ്പിക്കാറുണ്ടായിരുന്നു, ഒരു ഹിന്ദു വളരെ ബുദ്ധിമുട്ടി തന്റെ മകനെ ബി.എ യും എം.എ യും പഠിപ്പിച്ചു. ഡിഗ്രി കരസ്ഥമാക്കിയതിനുശേഷം മകൻ ഡപ്യൂട്ടിയായി സിവിൽ സർവീസിൽ പോയി. അക്കാലഘട്ടത്തിൽ ഡപ്യൂട്ടിക്ക് വളരെ ആദരവായിരുന്നു. ഇക്കാലത്ത് അത് അത്ര ബഹുമതിയായി ആരും കരുതാറില്ല. തന്റെ മകൻ ഡപ്യൂട്ടി ആയിരിക്കുകയാണ് അതുകൊണ്ട് അവനെ ഒന്നു കണ്ടുവരാമെന്ന് പിതാവ് വിചാരിച്ചു. തന്റെ മകനെ കാണുന്നതിനുവേണ്ടി ആ ഹിന്ദു മജ്‌ലിസിൽ എത്തിയപ്പോൾ അവന്റെയടുക്കൽ വക്കീലും ബാരിസ്റ്ററുമൊക്കെ ഇരിപ്പുണ്ടായിരുന്നു. ഈ പിതാവും തന്റെ അഴുക്കുപുരണ്ട വസ്ത്രത്തിൽ ഒരു ഭാഗത്ത് മാറി ഇരുന്നു. സംസാരം നടക്കുന്നുകൊണ്ടിരിക്കെ അവരിൽ ഒരാൾക്ക് ഇയാളുടെ ഇരുത്തം അത്ര ഇഷ്ടപ്പെട്ടില്ല. നമ്മുടെ മജ്‌ലിസിൽ ഇരിക്കുന്ന ഈയാൾ ആരാണെന്ന് അയാൾ ചോദിച്ചു. അയാളുടെ ചോദ്യത്തിൽ ഡപ്യൂട്ടി സാഹിബ് നാണംകെട്ടു. നാണക്കേടിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പറഞ്ഞു: ഇയാൾ ഞങ്ങൾക്ക് ഭക്ഷണം തരുന്നയാളാണ്. പിതാവ് മകന്റെ ഈ വാക്കുകേട്ട് കോപാകുലനായി. തന്റെ പുതപ്പെടുത്ത് തോളിലിട്ട് എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു, 'ജനാബ്! ഞാൻ ഇവന് ഭക്ഷണം വിളമ്പുന്നവനല്ല. ഇവന്റെ അമ്മയക്ക് ഭക്ഷണം വിളമ്പുന്നവനാണ്.' അത് ഡപ്യൂട്ടി സാഹിബിന്റെ പിതാവാണെന്ന് മനസ്സിലായപ്പോൾ ആളുകൾ അദ്ദേഹത്തിന്റെമേൽ ശാപം ചൊരിയാൻ തുടങ്ങി. തങ്ങളോടു ആദ്യമേ പറഞ്ഞിരുന്നെങ്കിൽ തങ്ങൾ അയാളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമായിരുന്നുവെന്ന് അവർ പറഞ്ഞു. ആദരവോടുകൂടി അദ്ദേഹത്തെ ഇരുത്തുമായിരുന്നു. എന്തായാലും ഇത്തരം ദൃശ്യങ്ങൾ കാണാൻ കഴിയുന്നുണ്ട്. തങ്ങളുടെ ഉന്നത സ്ഥാനത്തിന് കോട്ടം തട്ടാതിരിക്കാൻ ബന്ധുക്കൾ ദരിദ്രരാണെങ്കിൽ അവരുമായി കാണാൻ ഇഷ്ടപ്പെടുന്നില്ല. പിതാവാണെങ്കിലും വേണ്ടില്ല മറ്റാരെങ്കിലും ആണെങ്കിലും വേണ്ടില്ല; മാതാപിതാക്കളെ ബഹുമാനിക്കുന്നതിൽനിന്നും മറ്റു ബന്ധുമാത്രദികളെ ബഹുമാനിക്കുന്നതിൽനിന്നും ആളുകൾ രക്ഷപ്പെടുകയാണ്. അവരുടെ മാതാപിതാക്കളുടെ നാമം അന്തസ്സാക്കി നിറുത്തുന്നതിനു പകരം അവരുടെ നാമം തെറ്റു ധരിപ്പിക്കുന്നവരാക്കുന്നു.'(തഫ്സീറെ കബീർ വാല്യം 7 പേജ് 593)

ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ജനങ്ങൾ ചില ഉലമാക്കളുടെ അല്ലെങ്കിൽ പ്രസംഗകരുടെ പ്രസംഗം താൽക്കാലികമായ ആ സ്വാദനത്തിനുവേണ്ടിയാണ് കേൾക്കാറുള്ളത് എന്ന വിഷയം വിവരിക്കുകയായിരുന്നു. ഇന്നയാളുടെ പ്രസംഗം നല്ലതാണ്, അയാളുടെ പ്രസംഗം കേൾക്കണം എന്ന വിചാരത്തോടെ മജ്‌ലിസുകളിൽ വരരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുണ്ട്. നോക്കേണ്ടത് ആ മജ്‌ലിസിൽ എന്തു വിഷയം ചർച്ചചെയ്യപ്പെടുന്നുവെന്നും അതിൽനിന്ന് എന്തുഫലമെടുക്കാൻ കഴിയുമെന്നുമാണ്. ചിലയാളുകൾ പ്രസംഗകന്റെ ആഴത്തിലുള്ള വിഷയവും കാര്യത്തിന്റെ ആഴവും പ്രസംഗവും അതിന്റെ ഉദ്ദേശ്യവും മനസ്സിലാക്കുന്നവരായിരിക്കുകയില്ല. സമയം ആസ്വദിക്കുന്നതിനുവേണ്ടിയാണ് അവർ ഇരിക്കുന്നത്. ഇപ്രകാരംതന്നെ ചില പ്രസംഗകരും താൽക്കാലികമായ ആവേശം ഉണ്ടാക്കുന്നതിനുവേണ്ടി തകർപ്പൻ പ്രസംഗങ്ങൾ ചെയ്യുന്നു. അല്ലെങ്കിൽ ചെയ്യാൻ ശ്രമിക്കുന്നു. വിവിധതരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും കൃത്രിമമായി കരച്ചിലുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത്തരം ഒരു പ്രസംഗകനെക്കുറിച്ച് അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു പ്രസംഗകനെക്കുറിച്ച് കേൾപ്പിക്കാറുണ്ടായിരുന്നു:'അയാൾ ലക്ച്ചർ ചെയ്യാൻ എഴുന്നേറ്റുനിന്നു. അദ്ദേഹത്തിന്റെ വിഷയം കരയിക്കുന്നതായിരുന്നു. ഒരാൾവന്നു എഴുന്നേറ്റുനിന്നു. കർഷകനായിരുന്നു. കൈയിൽ 'തരങ്കടി' ഉണ്ടായിരുന്നു. (മൂന്നുപല്ലുള്ള ഒരു പണി ആയുധമാണ് തരങ്കടി. അതിന്റെ കൈക്ക് നല്ല നീളമുണ്ടാകും. നെല്ലിന്റേയും ഗോതമ്പിന്റേയും ഉമിയും തവിടും കോരിയിടാനാണ് ഇതു സാധാരണ ഉപയോഗിക്കുന്നത്. ആധുനിക ടെക്നോളജി വരുന്നതിനുമുമ്പേ ഇവിടെ പാശ്ചാത്യദേശത്തും അത് ഉപയോഗിച്ചിരുന്നു.) പക്ഷേ, അദ്ദേഹം ഗ്രാമത്തിൽനിന്ന് വന്നതാണ്. പ്രസംഗം കേൾക്കുന്നതിനുവേണ്ടി അയാൾ നിന്നു. അവിടെ ഇരുന്നവരിലൊന്നും പ്രസംഗം ഒരു സ്വാധീനവും ചെലുത്തിയില്ല. പക്ഷേ, ആ കർഷകൻ കുറച്ചു കഴിഞ്ഞപ്പോൾ കരയാൻ തുടങ്ങി. ഉപദേശിയായ പ്രസംഗകന് ദുർവിധിവന്നു. അയാളുടെ മനസ്സിൽ പ്രദർശനപരത ഉണ്ടായി. തന്റെ പ്രസംഗത്തിന്റെ സ്വാധീനംകൊണ്ടാണ് അയാൾ കരയുന്നതെന്ന് അയാൾ തെറ്റുധരിച്ചു. പ്രസംഗകൻ ജനങ്ങളോടു പറഞ്ഞു: നോക്കൂ! മനുഷ്യമനസ്സുകളും പല തരത്തിലുണ്ട്. ഒന്നു മണിക്കൂറുകളായി എന്റെ ഉപദേശപ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന നിങ്ങളാണ്. പക്ഷേ, നിങ്ങളിൽ ഒരു സ്വാധീനവും ഉണ്ടായില്ല. എന്നാൽ, ഈ ഒരു അല്ലാഹുവിന്റെ ദാസനിൽ പെട്ടെന്നാണ് സ്വാധീനമുണ്ടായത്. അയാൾ അല്പസമയത്തേക്ക് വന്ന് നിന്നതാണ്. അയാൾ കരയുന്നു. പിന്നീട് എത്ര സ്വാധീനമാണ് അയാളിൽ ഉണ്ടായതെന്ന് ലോകരോടു പറയുന്നതിനുവേണ്ടി അയാളോടു ചോദിച്ചു, മിയാ! കരയാൻ മാത്രം ഏതു കാര്യമാണ് നിന്നെ സ്വാധീനിച്ചത്? അയാൾ പറഞ്ഞു, (ഇത് ശരിയായനിലയിൽ മനസ്സിലാക്കാൻ കഴിയുക പഴയകാല കർഷകർക്കാണ്.) അയാൾ പറഞ്ഞു, ഇന്നലെ എന്റെ എരുമക്കുട്ടി ഇപ്രകാരം തേങ്ങിത്തേങ്ങി ചത്തുപോയിരുന്നു. എനിക്ക് താങ്കളുടെ ശബ്ദം കേട്ടപ്പോൾ അതു ഓർമവരികയും കരയുകയുമായിരുന്നു. ഇതുകേട്ട് ഖത്തീബ് സാഹിബ് നാണം കെട്ടു.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 6 പേജ് 137) അയാളുടെ വികാരങ്ങൾ പൊന്തിവന്നു. പക്ഷേ, ഖത്തീബിന്റെ ആവേശോജ്ജ്വലമായ ശബ്ദത്തിലുള്ള സംസാരത്തിലും കരളലിയിപ്പിക്കാനുള്ള ശ്രമത്തിലും തന്റെ തൊണ്ടയിൽനിന്ന് അത്യപൂർവമായ ശബ്ദങ്ങൾ പുറപ്പെടുവിച്ച കാരണത്താൽ, തൊണ്ടയിൽനിന്ന് അത്യപൂർവമായ ശബ്ദം പുറത്തുവന്ന് ചത്ത തന്റെ എരുമക്കുട്ടിയെ ഓർമവന്നതുകൊണ്ടാണ് അയാൾ കരഞ്ഞത്. തന്റെ കരളലിയിപ്പിക്കുന്ന പ്രസംഗം കേട്ടാണ് അയാൾ കരഞ്ഞതെന്നുള്ളത് ഖത്തീബിന്റെ തെറ്റായ ധാരണയായിരുന്നു. അത് അയാളുടെ പ്രദർശനപരത, കൃത്രിമത്വം പെട്ടെന്ന് ദൂരീകരിച്ചു. നമുക്കെതിരിൽ സംസാരിക്കുന്ന മൗലവിമാരുടെ പ്രസംഗങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ തികച്ചും ഇതുപോലുള്ള ശബ്ദങ്ങൾ കേൾക്കാവുന്നതാണ്. എന്തായാലും ഇത് അവരുടെ ജോലിയാണ്. പ്രത്യേകിച്ചും അവർക്ക് അഹ്മദിയ്യത്തിന്നെതിരെ സംസാരിച്ച് ആവേശം വരുമ്പോൾ! പാക്കിസ്താനിൽ താമസിക്കുകയും അല്ലെങ്കിൽ പാക്കിസ്താനിൽ നിന്ന് ഈയിടെ ഇവിടെ വരികയും ചെയ്തിട്ടുള്ളവർക്ക് ഇത് അറിയാവുന്നതാണ്. അവരെങ്ങനെയാണ് സംസാരിക്കുന്നതെന്ന് അവർ കേട്ടിട്ടുണ്ടാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ നമുക്ക് ഭാഗ്യം കിട്ടിയത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. ഇല്ലെങ്കിൽ ഇസ്‌ലാമിന്റെ പേരിൽ പീറുമാരും മറ്റും തുറന്നിട്ടുള്ള തിളക്കമാർന്ന കച്ചവടങ്ങളിൽ നമ്മളും ഭാഗഭാക്കാകാൻ സാധ്യത ഏറെയായിരുന്നു. തങ്ങൾ തങ്ങളുടെ ദുആ മുഖേന വലിയ പദവിയിലെത്തിവരെന്നാണ് പീർ മാരുടെ വാദം. തങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചെടുക്കുന്നുവെന്നും തങ്ങൾക്കിനി ഒന്നും ആവശ്യമില്ലെന്നും അല്ലാഹുവുമായി തങ്ങൾക്ക് വലിയ അടുത്ത ബന്ധമുണ്ടെന്നും ദുൻയാവിനോടു ഒരു താൽപര്യവും ഇല്ലാത്തവരാണെന്നും അവർ വാദിക്കുന്നു. പക്ഷേ, അവരുടെ കർമങ്ങൾ എന്താണ്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു വ്യക്തിയെക്കുറിച്ച് പറയുന്നു: 'അയാൾ പ്രത്യേകമായ ദർജയിലെത്തിയ ആളായി സ്വയം മനസ്സിലാക്കിയിരുന്നു. എന്നാൽ, ഒരു ദിവസം ഒരു മുരീദിന്റെ വീട്ടിൽപോയി. അവിടെ ചെന്ന് പറഞ്ഞു: 'എന്റെ ടാക്സ് കൊണ്ടുവരിക. അതായത് എനിക്ക് കാഴ്ചദ്രവ്യം തരിക.' വരൾച്ചയുടെ കാലമായിരുന്നു. മുരീദു പറഞ്ഞു, ഇപ്പോൾ ഒന്നുമില്ല, ഇപ്രാവശ്യം മാപ്പാക്കിത്തരിക!' പീർസാഹിബ് ഒരുപാടുനേരം വഴക്കിട്ടുകൊണ്ടിരുന്നു. അവസാനം എന്തോ സാധനം അവർക്ക് വില്ക്കേണ്ടിവന്നു. അങ്ങനെ ഒരു രൂപ കൊടുത്ത് ജീവൻ കഴിച്ചിലാക്കി. വലിയ വലിയ വാദങ്ങൾ നടത്തുകയും തങ്ങൾ വലിയ ദർജയിൽ എത്തിയിരിക്കുന്നുവെന്ന് ഭാവിക്കുകയും ചെയ്യുന്ന ഇക്കൂട്ടരിൽ ഇത്തരം ദൗർബല്യങ്ങളും മാലിന്യങ്ങളും കാണപ്പെടുന്നു.(അൻവാറുൽ ഉലൂം വാല്യം 3 പേജ് 494-495)

ഇത് വളരെ പഴയകാര്യമൊന്നുമല്ല. ഇക്കാലത്തേതാണ്. ഇന്നും പാക്കിസ്താൻ തുടങ്ങിയ

രാജ്യങ്ങളിൽ ഇത്തരം പീറുമാരുണ്ട്. വിശുദ്ധ ഖുർആനിൽ അറിവിന്റേയും ആന്തരികജ്ഞാനത്തിന്റേയും വിവരണം ഉണ്ടായിട്ടുണ്ട്. എല്ലാ അറിവും അതിൽവലയം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ അറിവുകുറവും ചിന്താകുറവുംകൊണ്ട് അതിന്റെ മിക്കതിന്റേയും ആഴംവരെ എത്താൻ നമുക്ക് കഴിയുന്നില്ല എന്നത് വേറെകാര്യം. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'എനിക്കോർമയുണ്ട് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, വൈദ്യത്തിന്റെ എല്ലാ അടിസ്ഥാനതത്ത്വങ്ങളും വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ എല്ലാ രോഗത്തിന്റേയും ചികിത്സ വിശുദ്ധഖുർആനിലുണ്ട്. അവിടന്ന് പറയുന്നു, എനിക്ക് വിശുദ്ധ ഖുർആനിൽ ഇങ്ങനെ ചിന്തിക്കാനുള്ള അവസരംതന്നെ കിട്ടിയിട്ടുണ്ടാകുകയില്ല. എന്റെ സൂക്ഷ്മമായ അറിവ് ഇപ്പോഴും ആ പരിധിവരെ എത്താതിരിക്കാനും സാധ്യതയുണ്ട്. എന്തായാലും, എത്ര സൂക്ഷ്മമായ ജ്ഞാനങ്ങളുണ്ടോ എന്റെ സൂക്ഷ്മമായ ജ്ഞാനവും എന്റെ മുതിർന്നവരുടെ അനുഭവസമ്പത്തും ചേർത്ത് എനിക്ക് പറയാൻ കഴിയും വിശുദ്ധ ഖുർആന് വെളിയിൽനിന്ന് മറ്റൊരു വസ്തുവിന്റേയും ആവശ്യം നമുക്കില്ല.(ഖുത്ബാത്തെ മഹ്മൂദ് വാള്യം13 പേജ് 503)

അതുകൊണ്ട് വിശുദ്ധ ഖുർആനിൽ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീറുകൾ പഠിക്കേണ്ടതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഉം തഫ്സീർ എഴുതിയിട്ടുണ്ട്. അതും പഠിക്കേണ്ടതാണ്. ഖലീഫമാരുടെ വിശദീകരണങ്ങളുണ്ട്. ചില ആയത്തുകളുടെ തഫ്സീറുമുണ്ട്. അത് നോക്കേണ്ടതാണ്. സ്വയം ചിന്തിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽനിന്നുതന്നെ അറിവിന്റേയും സൂക്ഷ്മജ്ഞാനത്തിന്റേയും പോയന്റ് അന്വേഷിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

തങ്ങൾ അറിവ് കരസ്ഥമാക്കിയിരിക്കുന്നുവെന്നും അത് അധികമാണെന്നും മറ്റൊന്നിന്റേയും ആവശ്യമില്ലെന്നും മറ്റാരോടും ആലോചിക്കേണ്ടതില്ലെന്നുമാണ് ചിലയാളുകൾ വിചാരിക്കുന്നത്. പക്ഷേ, അറിവിനോടൊപ്പം പരിചയത്തിന്റെ ആവശ്യമുണ്ടെന്ന കാര്യം ഓർമവയ്ക്കേണ്ടതാണ്. ഒരാൾ ഗ്രന്ഥം വായിച്ച് ഡോക്ടറാകാൻ ശ്രമിച്ചാൽ അത് ഏറെ ദുഷ്കരമാണ്. നടക്കാൻ സാധ്യതയില്ലാത്ത കാര്യമാണ്. വൈദ്യഗ്രന്ഥങ്ങൾ വായിക്കുന്നതിനോടൊപ്പം വിദഗ്ദ്ധനായ വൈദ്യന്റെ മുന്നിൽ രോഗികളെ പരിശോധിക്കുകയും ചികിത്സിക്കുകയുംവേണം. അതുകൊണ്ടാണ് ഡോക്ടർമാരെ കോളേജുകളിൽ പഠിപ്പിക്കുമ്പോൾ അതിനോടൊപ്പം വിദഗ്ദ്ധരായ ഡോക്ടറോടൊപ്പം പ്രാക്ടിക്കലും നല്കിക്കൊണ്ടിരുക്കുന്നത്. ഇതില്ലെങ്കിൽ പരിചയമുണ്ടാകുകയില്ല. മനുഷ്യനൊന്നും പഠിക്കാനും കഴിയില്ല. അതിനുശേഷവും പ്രാക്ടീസ് അനിവാര്യമാണ്. അല്ലാതെ പഠിച്ചുകൊണ്ടിരിക്കുമ്പോഴുള്ള പ്രാക്ടിസ് മാത്രം പോര. ഏതെങ്കിലും വൈദ്യന് അവന്റെ വൈദ്യത്തിന്റെ അറിവ് പൂർണമാകുന്നത് അതിനോടൊപ്പം പ്രാക്ടീസും ചെയ്തുകൊണ്ടിരിക്കുമ്പോഴാണ്. കർമമില്ലാതെ അറിവ് ഫലം ചെയ്യുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതേ അറിവിനേയും കർമത്തേയും സംബന്ധിച്ച് പറയാറുണ്ടായിരുന്നു, വലിയ ജ്ഞാനമുള്ള ഒരു വൈദ്യനുണ്ടായിരുന്നു. അയാൾ വൈദ്യത്തെ കുറിച്ച് നല്ലവണ്ണം വായിച്ചിരുന്നു. അറിവു സമ്പാദിച്ചിരുന്നു. വളരെയധികം പഠിച്ചിരുന്നു. അയാൾ രൺജിത് സിംഗിന്റെ കീർത്തികേട്ടപ്പോൾ ഉദ്യോഗ കയറ്റം പ്രതീക്ഷിച്ച് ഡൽഹിയിൽനിന്ന് അദ്ദേഹത്തിന്റെ ദർബാറിലെത്തി. രൺജിത് സിംഗിന്റെ മന്ത്രി ഒരു മുസ്ലിമായിരുന്നു. അയാൾ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. മഹാരാജാവിനെ കാണാൻ ശിപാർശ ആവശ്യപ്പെട്ടു. അതായത് മുസൽമാൻ മന്ത്രിയുമായി ഡോക്ടർ കൂടിക്കാഴ്ച നടത്തി. ഡോക്ടർ പറഞ്ഞു, രാജാവിനെ കാണാൻ എനിക്കുവേണ്ടി ശിപാർശ ചെയ്താലും. ഇയാൾക്ക് പ്രശസ്തികിട്ടിയാൽ താനെങ്ങാനും വീണുപോകുമോ എന്ന ആശങ്ക മന്ത്രിക്കുണ്ടായി. ഡോക്ടർക്കുവേണ്ടി ശിപാർശ ചെയ്യാതിരിക്കുന്നതും സൗശീലത്തിനു വിരുദ്ധമായി മന്ത്രി മനസ്സിലാക്കി. സംസാരത്തിന്നിടയിൽ അറിവ് ധാരാളമുണ്ടെങ്കിലും ഡോക്ടർക്ക് പരിചയമൊന്നുമില്ലെന്ന് അദ്ദേഹം മനസ്സിലാക്കുകയും ചെയ്തിരുന്നു. മഹാരാജ രൺജിത് സിംഗിനോടു അദ്ദേഹം ശിപാർശ ചെയ്തു. 'ഹുദൂർ! ഇദ്ദേഹം വളരെ വലിയൊരു ആലിമാണ്. ഇന്ന ഗ്രന്ഥം ഇദ്ദേഹം പഠിച്ചിട്ടുണ്ട്.' ആ മുസ്ലിം മന്ത്രി ഡോക്ടറുടെ അറിവിനെ ഏറെ പുകഴ്ത്തി. മഹാരാജാവ് ചോദിച്ചു: 'ഇദ്ദേഹം ചികിത്സ നടത്തിയിട്ടുണ്ടോ? ചികിത്സ നടത്തി പരിചയമുണ്ടോ?' മന്ത്രി പറഞ്ഞു, പരിചയം ഹുദൂറിലൂടെ ആയിക്കൊള്ളും. അങ്ങയിലൂടെ പരിചയിക്കുന്നതാണ്.' രൺജിത് സിംഗ് വലിയ ബുദ്ധിമാനായിരുന്നു. കർമമില്ലാത്ത അറിവ് ഒന്നിനും കൊള്ളില്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം പറഞ്ഞു, 'പരിചയമുണ്ടാക്കുന്നതിന് പാവം രൺജിത് സിംഗ് മാത്രമേയുള്ളോ? ഡോക്ടർക്ക് സമ്മാനം കൊടുത്ത് പറഞ്ഞയക്കുന്നതാണ് ഉത്തമം.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 7 പേജ് 18-19)

അതിനാൽ അറിവിനോടൊപ്പം കർമപരമായ പരിചയവും അനിവാര്യമാണ്. ലോകത്ത് അതിന് വളരെ പ്രാധാന്യമുണ്ട്. ഏതൊരു രംഗത്തും അറിവു സമ്പാദിച്ചതിനുശേഷം പ്രവർത്തിപരിചയം കരസ്ഥമാക്കുന്നില്ലെങ്കിൽ ചിലപ്പോൾ ജോലി എടുത്തുകൊണ്ടിരിക്കുമ്പോൾ ഇനി മുന്നോട്ടു എന്തു ചെയ്യണമെന്ന് മനുഷ്യന് അറിയാൻ കഴിയുകയില്ല. കൈയും കാലും കുഴയാൻ തുടങ്ങും. അറിവുണ്ടായിട്ടും മുമ്പിലുള്ള പ്രശ്നത്തിൽ തടസ്സമുണ്ടാകുന്നു. അതകലുകയില്ല. കേവലം അറിവ് കരസ്ഥമാക്കി മനുഷ്യൻ തന്നെ ഏതെങ്കിലും രംഗത്ത് വിദഗ്ധനായി മനസ്സിലാക്കുകയാണെങ്കിൽ അവന് രൺജിത് സിംഗ് കൊടുത്തതുപോലുള്ള മറുപടിയായിരിക്കും കിട്ടുന്നത്.

ജമാഅത്തിന്റെ പൊതുവായ അഭ്യുവൃദ്ധിക്കും ഇത് അത്യന്താപേക്ഷിതമാണ്. ഇതിന് വളരെ പ്രാധാന്യമുണ്ട്. ചെറുപ്പക്കാർ ആധുനികവിദ്യാഭ്യാസം സമ്പാദിക്കുന്നതോടൊപ്പം കൂടുതൽ പരിചയവും കരസ്ഥമാക്കുക. തങ്ങളുടെ അറിവിനെ പരിചയസമ്പന്നരായ ആളുകളോടു ചേർത്ത് ജമാഅത്തിന്റെ അഭിവൃദ്ധിക്കായി വിനിയോഗിക്കുക. ഒരുപാട് അഭിപ്രായങ്ങൾ ആളുകൾ നല്കാറുണ്ട്. ആധുനിക ടെക്നോളജി ഉപയോഗിക്കേണ്ടതാണ്. അത് ചിലഘട്ടങ്ങളിൽ അറിവിന്റെ പരിധിയ്ക്കുള്ളിൽ ശരിതന്നെയാണ്. പക്ഷേ, നിർബന്ധമായും അകറ്റിനിറുത്തേണ്ട ചില പ്രശ്നങ്ങളുണ്ട്. അല്ലെങ്കിൽ ചിന്തിക്കേണ്ടത് അനിവാര്യമായിത്തീരുന്ന ചില തടസ്സങ്ങൾ മുന്നിൽ വരാവുന്നതാണ്. അത് പറയാൻ കഴിയുന്നത് പരിചയസമ്പന്നരായ ആളുകൾക്കാണ്.

ജമാഅത്തിന്റെ വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും ഉറച്ചതും കൃത്യവുമായ ബന്ധമുണ്ടാകുമ്പോഴാണ് ഒരു അഹ്മദിയുടെ ഈമാൻ സംരക്ഷിക്കപ്പെടാവുന്നത്. ആ ബന്ധത്തിന് ഈ മാർഗങ്ങൾ ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. അവയിൽനിന്ന് അകന്നിരുന്നാലും ആ ബന്ധം നിലനില്ക്കണം. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇക്കാര്യം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'വേരുമുതൽ ബന്ധമുണ്ടാകാത്തിടത്തോളം ജമാഅത്തുപരമായ കാര്യങ്ങളിൽ അംഗങ്ങൾ ഒരിക്കലും അഭിവൃദ്ധിപ്പെടുക സാദ്ധ്യമല്ലെന്ന് മാത്രമല്ല ജീവിച്ചിരിക്കാനും സാധ്യമല്ല. ഇക്കാലഘട്ടത്തിൽ ഈ ബന്ധമുണ്ടാക്കുന്നതിനുള്ള ഉത്തമമായ മാർഗം പത്രങ്ങളാണ്. മനുഷ്യൻ ഏതു സ്ഥലത്തിരുന്നാലും അവന് ജമാഅത്തിന്റെ പത്രങ്ങളെത്തിയാൽ അവൻ അടുത്തിരിക്കുന്നതുപോലെയാണ്. ഇതിന്റെ ഉദാഹരണം, ഞാൻ ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നതുപോലെയാണ്. ആ നേരത്ത് അവിടന്ന് പറയുന്നു: 'സ്ത്രീകളുടെ ജൽസ നടന്നുകൊണ്ടിരിക്കുകയാണ്. ജൽസയുടെ പ്രസംഗമാണ്. സ്ത്രീകൾ ലൗഡ്സ്പീക്കറിലൂടെ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നു. ലൗഡ്സ്പീക്കറിലൂടെ അവർക്ക് എന്റെ ശബ്ദം എത്താതിരുന്നാൽ എന്താണ് പറയുന്നതിനെക്കുറിച്ച് അവർക്ക് ഒരറിവും ഉണ്ടാകുകയില്ല. ലൗഡ്സ്പീക്കർ സ്ത്രീകളെ എന്റെ പ്രസംഗത്തിന് സമീപത്താക്കി. ഇവിടേയും ഇപ്പോൾ ലൗഡ്സ്പീക്കർ മുഖേന, ശബ്ദം മുഖേന സ്ത്രീകളുടെ ഹാളിലും ശബ്ദം എത്തിക്കൊണ്ടിരിക്കുന്നു. അവരും കേട്ടുകൊണ്ടിരിക്കുന്നു. ഇതും ഒരു ബന്ധുത്വമാണ്.

ഇപ്രകാരംതന്നെ പത്രങ്ങൾ ദൂരത്തിരിക്കുന്നവരെ ജനങ്ങളുമായി ബന്ധിപ്പിക്കുന്നു. അൽഹക്കവും ബദ്റും തന്റെ രണ്ടുകൈകളാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും പറയാറുണ്ടായിരുന്നു. ചില ഘട്ടങ്ങളിൽ ഈ പത്രങ്ങൾ ഹാനികരമായ വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതുകൊണ്ടുള്ള നേട്ടങ്ങൾ അവയുടെ വിനാശത്തെക്കാൾ കൂടുതലായിരുന്നു. അതുകൊണ്ട് ഈ രണ്ടു പത്രങ്ങൾ നമ്മുടെ രണ്ടുകൈകളെന്നപോലെ തോന്നുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു. രണ്ടുകൈകളാണ് എന്നതിന്റെ അർഥം അവ മുഖേന നമ്മുടെ കൈ അതായത് ജമാഅത്ത് നമ്മളുമായി കൂടിച്ചേർന്നിരിക്കുന്നു എന്നാണ്. അക്കാലത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ നമ്മുടെ പത്രങ്ങളിലേക്ക് ജമാഅത്തംഗങ്ങൾക്ക് വളരെ ശ്രദ്ധ ഉണ്ടായിരുന്നു. യഥാർഥത്തിൽ അക്കാലത്ത് ഇന്നത്തെക്കാൾ പത്തിലൊന്നോ ഇരുപതിലൊന്നോ മാത്രമാണ് ജമാഅത്ത് ഉണ്ടായിരുന്നത്. ഇപ്പോഴാണെങ്കിൽ ശതക്കണക്കിനോ സഹസ്രകണക്കിനോ ജമാത്തുണ്ട്. ബദ്റിന്റെ വരിക്കാർ അക്കാലത്ത് ആയിരത്തിനാന്നൂറോ ആയിരത്തി അഞ്ഞൂറോ ആയിരുന്നു. അതിനുശേഷം കുറഞ്ഞുകൊണ്ടിരുന്നു. അൽഹക്കം പത്രത്തിന്റെ വരിക്കാർ വർധിച്ചു. ജമാഅത്തിലെ സ്നേഹിതന്മാർ അക്കാലത്ത് അധികമായി പത്രങ്ങൾ വാങ്ങിയിരുന്നു. എന്നല്ല എഴുത്തും വായനയും അറിയാത്തവരും വാങ്ങിക്കുമായിരുന്നു. മറ്റുള്ളവർക്ക് വായിക്കാൻ കൊടുക്കുമായിരുന്നു. അതും തബ്ലീഗ് ചെയ്യാനുള്ള ഒരു മാർഗമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. (അൻവാറുൽ ഉലൂം വാള്യം 14 പേജ് 544-545)

കുതിരവണ്ടിക്കാരനായ ഒരു അഹ്മദി ഉണ്ടായിരുന്നു. എഴുത്തും വായനയും അറിയുന്ന ആളായിരുന്നില്ല. അദ്ദേഹം അൽഹക്കം വാങ്ങി വെക്കുമായിരുന്നു. തന്റെ കുതിരവണ്ടിയിൽ യാത്രക്കാരേയുംകൊണ്ടുപോകുമ്പോൾ യാത്രക്കാരുടെ രൂപം കണ്ട് തിരിച്ചറിഞ്ഞ് മാന്യരെന്ന് മനസ്സിലാകുന്നവരോടു 'ഈ പത്രം ഒന്നു വായിച്ചു തന്നാലും ഇപ്പോൾ വന്നതാണ്' എന്നു പറഞ്ഞ് അവരെക്കൊണ്ടു വായിപ്പിക്കുമായിരുന്നു. ഇപ്രകാരം ചില ഘട്ടത്തിൽ യാത്രക്കാർ തങ്ങളുടെ സ്ഥലമെത്തി ഇറങ്ങുമ്പോൾ പത്രത്തിന്റെ പേരും മേൽവിലാസവും നോട്ടു ചെയ്തു കൊണ്ടുപോകുമായിരുന്നു. അങ്ങനെ അവർ പിന്നീട് ജമാഅത്തുമായി ബന്ധപ്പെടുമായിരുന്നു. തുടർന്ന് ബയ്അത്തും നടക്കുമായിരുന്നു. അദ്ദേഹം നിരക്ഷരനായിരുന്നിട്ടും തന്റെ പ്രദേശത്ത് കുതിരവണ്ടി ഓടിക്കുന്നവനായിരുന്നിട്ടും ഏറ്റവും കൂടുതൽ ബയ്അത്ത് നടത്തിയിരുന്നുവെന്ന് അക്കാലത്തുള്ളവർ പറയാറുണ്ടായിരുന്നു. ഇക്കാലത്ത് കൂടുതൽ സുഗമമായ മാർഗങ്ങൾ അല്ലാഹു നമുക്കുവേണ്ടി ഉണ്ടാക്കിയിട്ടുണ്ട്. ഒന്ന് തങ്ങളുടെ ശിക്ഷണത്തിനും ഖിലാഫത്തുമായി സുദൃഢബന്ധത്തിനും എല്ലാ അഹ്മദികളും എം.ടി.എ കേൾക്കേണ്ട ആവശ്യമുണ്ട്. അത് ശീലമാക്കേണ്ടതുണ്ട്. രണ്ടാമത്തേത് തബ്ലീഗിനുവേണ്ടി എം.ടി.എ യിലേയും വെബ്സൈറ്റിലേയും പരിപാടികൾ മറ്റുള്ളവരോട് പറയേണ്ടതാണ്. സന്ദർഭം കിട്ടുമ്പോൾ തങ്ങളുടെ സുഹൃത്തുക്കളുമായിരുന്ന് കാണേണ്ടതാണ്, അവ

ർക്കു പരിചയപ്പെടുത്തി കൊടുക്കേണ്ടതാണ്. എം.ടി.എയിൽ ഖുത്ബ പരിപാടി മാത്രം തുടർച്ചയായി കാണാൻ തുടങ്ങിയപ്പോൾത്തന്നെ ജമാഅത്തുമായിട്ടുള്ള ബന്ധം ശക്തമായെന്നും തങ്ങളുടെ ഈമാനിൽ ശക്തി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും പറഞ്ഞുകൊണ്ടുള്ള ധാരാളം കത്തുകൾ എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ എം.ടി.ഏയും ഇപ്രകാരംതന്നെ ജമാഅത്തിന്റെ അൽഇസ്‌ലാം വെബ്സൈറ്റും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തബ്ലീഗ് എത്തിക്കുന്നതിനും എല്ലാ അഹ്മദികളുടേയും ശിക്ഷണത്തിനും ഖിലാഫത്തുമായിട്ടുള്ള ബന്ധത്തിനുമുള്ള വളരെ നല്ല മാർഗമാണ്. അതുമായി കൂടിച്ചേർന്നിരിക്കാൻ ശ്രമിക്കേണ്ടത് എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്.

തങ്ങളുടെ പരിഷ്കരണം നടക്കണമെന്നും ഇസ്‌ലാമിക കല്പനകൾ പാലിച്ച് ജീവിക്കണമെന്നും ചിലയാളുകൾ വിചാരിക്കുന്നുണ്ട്. പ്രത്യേകിച്ചും കൃത്യമായി നമസ്കരിക്കുന്നവരാവണമെന്ന് ആഗ്രഹിക്കുന്നു. പക്ഷേ, പിന്നെ ചെന്നുചേരുന്നത് മടിയന്മാരുടെ സംസർഗത്തിലാണ്. തൽഫലമായി ആഗ്രഹമുണ്ടായിട്ടും അവരും മടിയന്മാരായിത്തീരുന്നു. അറിയാത്തനിലയിലാണ് ഈ സ്വാധീനം പതിയുന്നത്. അതുകൊണ്ട് ബന്ധങ്ങൾ ഉണ്ടാക്കുന്നതിനും മതപരമായ അവസ്ഥ നന്നായിട്ടുള്ളവരും നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കുന്നവരും പാലിക്കുന്നവരുമായിട്ടുള്ള ആളുകളെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ റബ്വയിലേയും ഖാദിയാനിലേയും അഹ്മദികളോടു പറയാനാഗ്രഹിക്കുകയാണ്-അവിടെ ചെറിയ സ്ഥലത്ത് അഹ്മദികളുടെ വലിയ ജനസംഖ്യയാണുള്ളത്, അതുപോലെതന്നെ ഇടവിട്ടിടവിട്ട് മസ്ജിദുകളുമുണ്ട്-അവിടെ മസ്ജിദുകളെ ജനസാന്ദ്രമാക്കുക. ഇതുപോലെതന്നെ ജമാഅത്തിന്റെ വ്യവസ്ഥിതിയെ സംബന്ധിച്ച് തെറ്റുധാരണകളുള്ള ധാരാളമാളുകളുണ്ട്. അവരിൽനിന്ന് രക്ഷപ്പെടാനും ശ്രമിക്കേണ്ടതാണ്. വെളിയിൽനിന്ന് അവിടെ പോകുന്നവർ ഇതിനെക്കുറിച്ച് എനിക്ക് എഴുതാറുമുണ്ട്. റബ്വയിലും നമസ്കാരത്തിലേക്ക് ശ്രദ്ധപതിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന പരാതി എന്ന നിലയിലും എനിക്കെഴുതുന്നുണ്ട്. അതുകൊണ്ട് റബ്വവാസികളും ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദുർബലരായവർ, ദുർബലരായവരിൽനിന്ന് ഫലമെടുക്കുന്നതിനു പകരം ജമാഅത്തുമായി ശക്തമായ ബന്ധമുള്ളവരും നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവരുമായവരിൽനിന്ന് ഫലമെടുക്കുക. എങ്ങനെയാണ് ഫലമുണ്ടാകുന്നതെന്നും തന്നിൽ മറ്റുള്ളവരുടെ ഫലമുണ്ടായി എന്ന് ബുദ്ധിമാൻ എങ്ങനെയാണ് മനസ്സിലാക്കുന്നതെന്നും ഉദാഹരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: 'ഒരിക്കൽ ജാലിനോസ് ഒരിടത്ത് നില്ക്കുകയായിരുന്നു. ഒരു ഭ്രാന്തൻ ഓടിവന്ന് അയാളെ കെട്ടിപ്പിടിച്ചു. അയാളെ വിട്ടപ്പോൾ ജാലിനോസ് പറഞ്ഞു,'എന്റെ രക്തം എടുപ്പിക്കുക.' അപ്പോൾ ആളുകൾ ചോദിച്ചു, 'എന്തിനാണ് രക്തം എടുപ്പിക്കുന്നത്?' പറഞ്ഞു: 'എന്നെ വന്ന് കെട്ടിപ്പിടിച്ച ഈ ഭ്രാന്തനെ പോലെ എന്നിലും ഭ്രാന്തിന്റെ ഏതോ രക്തധമനിയുണ്ടെന്ന് മനസ്സിലാകുന്നുണ്ട്. മറ്റുള്ളവരെ വിട്ടുകൊണ്ട് എന്നെ വന്ന് കെട്ടിപ്പിടിച്ചതിൽനിന്ന് മനസ്സിലാകുന്നത് എന്റെ ഉള്ളിൽ ഭ്രാന്തിന്റെ ഏതോ രക്തധമനി ഉണ്ടെന്നാണ്. അതുമുഖേനയാണ് ഈ ഭ്രാന്തന് ഞാനുമായി ചേർച്ചയുണ്ടാകുകയും എന്റെയടുത്തേക്ക് വരികയും ചെയ്തത്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, നമസ്കരിക്കാത്തവന്റെ പിന്നിൽ കുനിയുന്നതും നമസ്കാരത്തിൽ അലസത കാണിക്കുന്നവന്റെ പിന്നാലെ പോകുന്നതും വിളിച്ചോതുന്നത് അലസന്മാരുമായി അവർക്കും ചേർച്ചയുണ്ടെന്നാണ്.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 9 പേജ് 348 –349)

അതുകൊണ്ട് പൊതുവായ നിലയിൽ എല്ലായിടത്തും എല്ലാ അഹ്മദികളും മടിയന്മാരുമായി കൂട്ടുകെട്ടുണ്ടാക്കുന്നതിനു പകരം ചുണയുള്ളവരുമായി, active ആയിട്ടുള്ള ആളുകളുമായി കൂട്ടുകെട്ടുണ്ടാക്കേണ്ടതാണ്. അവരുമായി ബന്ധം വെക്കേണ്ടതാണ്. ഈ കൂട്ടുകെട്ടു നിലനിന്നാൽ ചുണയുള്ളവരുടെ അംഗസംഖ്യ വർധിച്ചുകൊണ്ടു പോകുന്നതാണ്. മടിന്മാരും പിന്നീട് ചുണയുള്ളവരായിത്തീരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്ലിസിൽ ഒരിക്കൽ ഒരാൾ വന്നു. താൻ മുഅ്ജിസത്ത് (ദിവ്യാത്ഭുതം)കാണാൻ ആഗ്രഹിക്കുന്നുവെന്നും തനിക്ക് ഇന്ന മുഅ്ജിസത്ത് കാണിച്ചുതന്നാൽ താൻ താങ്കളിൽ വിശ്വസിക്കാൻ തയ്യാറാണെന്നും പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എനിക്കോർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അയാൾക്ക് മറുപടി നല്കി: 'അല്ലാഹു ഇന്ദ്രജാലക്കാരനല്ല. അവൻ തമാശകാണിക്കാറില്ല. പ്രത്യുത അവന്റെ എല്ലാ ജോലിയും യുക്തിനിർഭരമാകുന്നു. ഇപ്പോൾ മുഅ്ജിസത്തു കാണിക്കാൻ മുമ്പേ കാണിക്കപ്പെട്ട മുഅ്ജസത്തുകളിൽനിന്ന് താങ്കൾക്കെന്തു ഫലമുണ്ടായി എന്ന് താങ്കൾ പറയുക. എന്നാൽ, മാനുഷികമായ പ്രകൃതിയുടെ ദൗർബല്യംകൊണ്ട് അതിനേയും അവർ ഇഷ്ടപ്പെടുന്നില്ല. എന്നല്ല അതിനെ സംസ്കാരശൂന്യമെന്ന് പറഞ്ഞേക്കാം. അലസതയിലും അശ്രദ്ധയിലും അകപ്പെട്ടുപോകുന്നത് അനുവദനീയമായി അവർ മനസ്സിലാക്കുന്നു. എന്നല്ല അലസതയിലും അശ്രദ്ധയിലും എപ്പോഴും കിടക്കുകയും അവർ അവരുടെ ഉത്തരവാദിത്വങ്ങൾ എത്രനിറവേറ്റി എന്നുപോലും ആരും അവരോടു ചോദിക്കാനും പാടില്ല. അതേ, അവർ ഏതെങ്കിലും തമാശ കാണാൻ ആഗ്രഹിക്കുമ്പോൾ ആ നേരത്ത് ആ തമാശ നിർബന്ധമായും കാണിക്കപ്പെടണമത്രെ!(അൻവാറുൽ ഉലൂം വാല്യം 14 പേജ് 227 –228)

ഇതാണ് മനുഷ്യന്റെ പ്രകൃതി. പിടിവാശിയുള്ള മനുഷ്യരുടെ എന്നെന്നുമുള്ള ശീലമാണിത്. വിശ്വസിക്കേണ്ടെങ്കിൽ ശയ്ത്വാന്റെ പിന്നാലെ നടക്കുന്നു. എല്ലാ നബിമാരോടും ഈ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. നബി(സ)തിരുമേനിയോടും അവിശ്വാസികൾ അത്തരം ചോദ്യങ്ങൾ ചോദിച്ചിരുന്നു. സ്വർണത്തിന്റെ വീടുണ്ടാക്കിക്കാണിക്കാൻ പറഞ്ഞു. ആകാശത്തിൽ കയറിപ്പോയി അടയാളം കാണിക്കാൻ പറഞ്ഞു. ഇതുമാത്രമല്ല, തങ്ങളുടെ കൺമുമ്പിൽ ആകാശത്ത് നിന്ന് ഗ്രന്ഥം കൊണ്ടുവരാനും പറഞ്ഞു. അവ ഇത്തരത്തിലുള്ള വ്യർഥ കാര്യങ്ങളും ആക്ഷേപങ്ങളുമായിരുന്നു. പക്ഷേ, അല്ലാഹു അത്തരം വ്യർഥമായ ആവശ്യങ്ങൾക്ക് ഒരു പ്രാധാന്യവും നല്കുകയില്ല. അവന്റെ അമ്പിയാക്കളും നല്കുകയില്ല. വിശ്വസിക്കണമെങ്കിൽ നിരവധി അടയാളങ്ങളുണ്ട്. സൽപ്രകൃതക്കാർക്ക് അതു മതിയായതാണ്.

ചിലയാളുകൾ തഹ്‌രീക്കെ ജദീദിന്നെതിരിൽ 'പുതിയ സ്കീം' ആരംഭിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ചില ആക്ഷേപങ്ങൾ ഉന്നയിച്ചു. ഇതിന് മറു പടി നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു,'യഥാർഥത്തിൽ എന്റെ പദ്ധതി ഏ തെങ്കിലും ഒരു പുതിയ പദ്ധതിയല്ല. ഇത് പഴയ പദ്ധതിയാണ്. ഈ 'ജദീദ്'(പുതിയ)എന്ന വാക്കുകേട്ട് പുതിയതായി എന്തെങ്കിലും കാര്യമില്ലാതെ പുതിയതെന്ന് അംഗീകരിക്കാൻ തയ്യാറല്ലാത്ത മന്ദതയും രോഗവും ബാധിച്ച ബുദ്ധികളിൽനി ന്നുണ്ടായതാണ് ഈ ആക്ഷേപം. ഏതുപോലെയെന്നാൽ ഡോക്ടർ ഒരു രോഗിയെ ദീർഘകാലമായി ചികിത്സിച്ചുകൊണ്ടിരിക്കുമ്പോൾ തനിക്ക് ഈ മരുന്നുകൊണ്ട് ഫലമൊന്നുമില്ലെന്ന് രോഗി ചിലപ്പോൾ പറയാറുണ്ട്. അപ്പോൾ 'ശരി, ഞാൻ താങ്കൾക്ക് പുതിയമരുന്നു തരാം എന്ന് ഡോക്ടർ പറയും.' ഇതുപറഞ്ഞുകൊണ്ട് ആദ്യത്തെ മരുന്നിൽ മറ്റു ചിലതുചേർത്തു കൊടുക്കുന്നു. ഉദാഹരണത്തിന് അക്കാലഘട്ടത്തിൽ ടിംഗ്ചർ കാർഡമം(Tincture Cardamom) ചേർത്ത് സുഗന്ധമുള്ളതാക്കുമായിരുന്നു. തനിക്ക് പുതിയ മരുന്നു കിട്ടിയെന്ന് രോഗി മനസ്സിലാക്കും. രോഗി പുതിയ മരുന്നെന്ന് പറയുമ്പോൾ ഡോക്ടറും അതിനോടു യോജിക്കും. കാരണം മരുന്നിൽ അദ്ദേഹം പുതിയൊരു മരുന്നു ചേർത്തു. എന്നാൽ, ഡോക്ടർ അതിനെ പുതിയ മരുന്നാക്കുന്നത് രോഗി അതു കുടിച്ചുകൊണ്ടിരിക്കാനും അവൻ നിരാശനാവാതിരിക്കാനുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയടുക്കൽ ഒരിക്കൽ ഒരു വൃദ്ധ വന്നു. അവൾക്ക് മലേറിയ പനിയായിരുന്നു. ദീർഘകാലമായിട്ട് അതു മാറുന്നുണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവളോടു ക്യൂനൈൻ കഴിക്കാൻ പറഞ്ഞു. അവൾ ചോദിച്ചു:'ക്യൂനൈൻ?' ഞാൻ ക്യൂനൈൻ ഗുളികയുടെ നാലിലൊന്ന് തിന്നാൽത്തന്നെ ആഴ്ചകളോളം പനിയുടെ തീവ്രതയാൽ ഭസ്മമായിക്കൊണ്ടിരിക്കും. അവൾ ക്യൂനൈൻ തിന്നാൻ തയ്യാറല്ലെന്ന് കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)– പൊതുവെ നമ്മുടെ നാട്ടിൽ ക്യൂനൈന് 'കൗനൈൻ' എന്നാണ് പറയാറുള്ളത്. ഇതിന്റെ അർഥം ഇഹലോകവും പരലോകവും എന്നാണ്– കൗനൈൻ കൊടുത്തു. എന്നിട്ട് പറഞ്ഞു, ഇത് ദാറയ്നിലെ ഗുളികകളാണ്, ഇത് ഉപയോഗിക്കുക എന്നു പറഞ്ഞു. കൗനൈനും ദാറയ്നും രണ്ടുലോകംതന്നെയാണ്. ഇത് ക്യൂനൈനെല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞില്ല. അതിന് പുതിയപേരുവച്ചുവെന്നുമാത്രം. രണ്ടുമൂന്നു ഗുളികകൾ ആ സ്ത്രീ തിന്നിട്ടുണ്ടാകും വന്നിട്ട് പറഞ്ഞു, 'എനിക്ക് ഈ മരുന്നു കാരണത്താൽ ചൂടു കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് കുറച്ചു ഗുളികകൂടി തരിക.' ആദ്യം ആ സ്ത്രീ പറഞ്ഞിരുന്നത് പകുതി ഗുളികയോ കാൽഭാഗം ഗുളികയോ തിന്നിട്ട് തനിക്ക് പനി മാറുന്നില്ല എന്നാണ്. ഇവിടെ മരുന്നിന്റെ പേരുമാറ്റിയപ്പോൾ ശരീരം തണുത്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഞാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെപോലെ പഴയ പദ്ധതിയുടെ പേര് പുതിയതെന്ന് വച്ചു. ഇത് പുതിയ പദ്ധതിയാണെന്ന് നിങ്ങൾ പറയാൻ തുടങ്ങി. എന്നാൽ, ഉള്ളിൽ ആത്മാർഥയുള്ളവർ ആത്മീയതയിൽ അഭിവൃദ്ധിപ്പെടണമെന്ന് ആഗ്രഹിച്ചിരുന്നവർ ഈ പദ്ധതിയുടെ പുതിയ പേരു കേട്ടപ്പോൾ പറഞ്ഞു: 'വരിക! ഇത് പുതിയ കാര്യമാണ്. വരിക നമുക്ക് അതിനെ പ്രയോജനപ്പെടുത്താം.' എന്നാൽ, ഉള്ളിൽ കപടതയുള്ളവർ ഇത് പുതിയ പദ്ധതിയാണെന്നു കരുതി, 'ഇയാളിപ്പോൾ പുതിയ പുതിയ കാര്യങ്ങൾ ഇറക്കുകയാണെന്നും മുഹമ്മദ്(സ)ൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗങ്ങളിൽനിന്നും വ്യതിചലിക്കുകയാണെന്നും' പറയാൻ തുടങ്ങി. അവർ ഇക്കാര്യം മനസ്സിലാക്കാൻ ശ്രമിക്കുകയോ ഫലമെടുക്കുകയോ ചെയ്തില്ല.'(അൻവാറുൽ ഉലൂം വാല്യം 14 പേജ് 231–232)

പണ്ടേ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു നിയമമാണിത്. ആദമിന്റെ കാലംമുതൽ ഇന്നുവരെ ശയ്ത്വാൻ നിങ്ങളുടെമേൽ ആക്രമണം നടത്തുമ്പോൾ അതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഉപായങ്ങൾ കണ്ടെത്തേണ്ടിവരും. ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനും മതപരമായ ജോലികളിൽ അഭിവൃദ്ധിപ്പെടുന്നതിനും എപ്പോൾ ഉപായം കണ്ടെത്തിയാലും അത് പ്രവാചകന്മാർ ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടി വന്നിരുന്നുവോ, എന്തിനുവേണ്ടി നബി(സ)തിരുമേനി വന്നിരുന്നുവോ എന്തിനുവേണ്ടി ഇക്കാലത്ത് ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നുവോ യഥാർഥത്തിൽ ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടിയാണ്. ജമാഅത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കുവേണ്ടി ഉത്തരവാദപ്പെട്ടവർ ജമാഅത്തംഗങ്ങളുടെ പിന്നാലെ കൂടി പരിശ്രമിക്കേണ്ട ആവശ്യമുണ്ട്. അത് തർബിയ്യത്തിന്റെ പ്രവൃത്തിയായാലും വേണ്ടില്ല. മറ്റെന്തെങ്കിലും പ്രവൃത്തിയാണെങ്കിലും വേണ്ടില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ട

ത്തിൽ ഒരു ഫഖീറുണ്ടായിരുന്നു. ആദ്യം മുഹാസിബിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്നിടത്ത് അദ്ദേഹം അധികവും ഇരിക്കാറുണ്ടായിരുന്നു. അഹ്മദിയ്യാ ചോക്കിൽനിന്ന് ആരെങ്കിലും വരുന്നതു കണ്ടാൽ 'ഒരു രൂപ തരണേ'എന്ന് അയാൾ പറയും. വരുന്നയാൾ അല്പം മുന്നോട്ടുവന്നാൽ എട്ടണ തരണേ എന്നു പറയും. അല്പം കൂടി മുന്നോട്ടു വന്നാൽ നാലണ തരണേ എന്നു പറയും. നേരെ വരുമ്പോൾ രണ്ടണ തരണേ എന്നു പറയും. അയാളുടെ അടുത്തുവന്നിട്ട് രണ്ടടി മുന്നോട്ടുവച്ചാൽ ഒരണ തരണേ എന്നു പറയും. കുറച്ചു കൂടി മുന്നോട്ടുനീങ്ങുമ്പോൾ ഒരു പൈസ തരണേ എന്നു പറയും. കുറച്ചുകൂടി മുന്നോട്ടു പോയാൽ അരപൈസ തരണേ എന്നു പറയും. വരുന്നയാൾ മസ്ജിദ് അഖ്സയിലേക്ക് തിരിയുന്ന വളവിനടുത്തെത്തിയാൽ പക്കുവടയെങ്കിലും തരണേ എന്നു പറയും. പിന്നീട് അവസാന ഭാഗത്തെത്തിയെന്ന് കണ്ടാൽ മുളകെങ്കിലും തരണേ എന്നു പറയും. അയാൾ രൂപയിൽ തുടങ്ങുകയും മുളകിൽ അവസാനിപ്പക്കുകയും ചെയ്യുന്നു. അതുകൊണ്ട് പണിയെടുക്കുന്നവർക്കും എന്തെങ്കിലും തങ്ങളുടെ കൈയിൽ കിട്ടണമെന്ന വിചാരമുണ്ടാകണം. ആദ്യതവണ നൂറിൽ തുടങ്ങി ഒന്നിലേക്ക് ശ്രദ്ധിച്ചാൽ അടുത്ത തവണ രണ്ടാകുന്നതാണ്. അതിന്റെ അടുത്ത തവണ നാലാകുന്നതാണ്. ഇപ്രകാരം പതുക്കെപ്പതുക്കെ വർധിച്ചുകൊണ്ടേ പോകുന്നതാണ്. അതുകൊണ്ട് പണിയെടുക്കുക. എന്നിട്ട് ഫലം നോക്കുക. ഭൗതികമായ ജോലികൾ നിഷ്പ്രയോജനമല്ലാതാകുമ്പോൾ ധാർമികവും ആത്മീയവുമായ ജോലികൾ നിഷ്പ്രയോജനമാണെന്ന് മനസ്സിലാക്കുന്നതെങ്ങനെ? മനസ്സ് ക്ലിയർ അല്ലാത്തവർ പറയും ഞങ്ങൾ പണിയെടുക്കുന്നുണ്ട്, പക്ഷേ, ഫലം അല്ലാഹുവിന്റെ കൈയിലാണെന്ന്! ഫലം അല്ലാഹുവിന്റെ കൈയിലാണെന്ന് പറയുന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് തങ്ങൾ തങ്ങളുടേതായ നിലയിൽ പൂർണമായും ശ്രമിച്ചിരുന്നു പക്ഷേ, അല്ലാഹു തങ്ങളോടു ശത്രുത കാണിച്ചുവെന്നാണ്. ഇങ്ങനെ പറയുന്നത് എത്രമാത്രം വലിയ വിഡ്ഢിത്തവും മറയത്തരവുമാണ്. അതായത് തങ്ങളുടെ ദൗർബല്യങ്ങളേയും കുറവുകളേയും അല്ലാഹുവിലേക്ക് ബന്ധിപ്പിക്കുന്നു. എന്തൊരു ജോലി നമ്മൾ ചെയ്യുന്നുവോ അതിനെന്തെങ്കിലുമൊക്കെ ഫലമുണ്ടാകുന്നു എന്നത് അല്ലാഹുവിന്റെ നിയമമാണ്. പക്ഷേ, നല്ലതും തീയതുമായ ഫലത്തിന്റെ അടിസ്ഥാനം നമ്മുടെ പ്രവൃത്തികളാണ്. ഒരാൾ പത്തിലൊന്ന് ഭാഗത്തിനായി അധ്വാനിച്ചു. അതിന് പത്തിലൊന്ന് ഭാഗത്തിന്റെ ഫലമുണ്ടാകുക എന്നത് പ്രകൃതി നിയമമാണ്. അതിന് പത്തിലൊന്നിന്റെ ഫലമുണ്ടാകുന്നു എന്നതിന്റെ അർഥം അല്ലാഹുവിന്റെ പ്രകൃതിനിയമം കാരണത്താൽ പത്തിലൊന്ന് ഭാഗത്തിന്റെ ഫലമുണ്ടാകുന്നു എന്നല്ല. അങ്ങനെയല്ലെങ്കിൽ അവൻ അതിനെക്കാൾ കൂടുതൽ അധ്വാനിച്ചിരുന്നു. പ്രകൃതിനിയമം ആരുടേയും അധ്വാനത്തെ പാഴാക്കിക്കളയുകയില്ല. പക്ഷേ, ദോഷപ്രവണമായ ആത്മാവ് പറയുന്നത് താൻ തന്റെ കടമ നിറവേറ്റിയിരുന്നു, പക്ഷേ അല്ലാഹു നിറവേറ്റേണ്ട കടമ നിറവേറ്റിയില്ല എന്നാണ്. അവൻ മറന്നുപോയി എന്നാണ്. ഇതിനെക്കാൾ വലിയ അവിശ്വാസം മറ്റെന്താകാനാണ്. അതുകൊണ്ട് അധ്വാനത്തിന്റേയും പരിശ്രമത്തിന്റേയും പ്രശ്നം വരുമ്പോൾ അതിന്റെ ഫലങ്ങൾ നമ്മുടെ നിയന്ത്രണത്തിൽതന്നെയാണ്. ഫലം നല്ലതല്ലെങ്കിൽ നമ്മുടെ പ്രവൃത്തിയിൽ എന്തോ പാകപ്പിഴ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കിക്കൊള്ളുക. ഓരോ പ്രവൃത്തിയുടേയും ഫലങ്ങൾ കൃത്യമായ നിലയിൽ നമ്മുടെ മുമ്പിൽ വരാൻ പരിശ്രമിക്കേണ്ടതാണ്. ഈ ഫലങ്ങൾ മുമ്പിൽ വരാത്തിടത്തോളം നമ്മൾ സമാധാനിച്ചിരിക്കരുത്. (അൻവാറുൽ ഉലൂം വാല്യം 18 പേജ് 201-202)

തങ്ങൾ ഒരുപാട് ആരാധനകൾ നടത്തിയെന്നും ദുആകൾ ചെയ്തുവെന്നും പക്ഷേ തങ്ങളുടെ ഉദ്ദേശ്യം പൂർത്തിയായില്ല എന്നും പറഞ്ഞ് ചില യാളുകൾ എഴുതാറുണ്ട്. അവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്; ഒന്നുകിൽ പോകേണ്ട സ്ഥലം വരെ പോയിട്ടില്ല, അല്ലെങ്കിൽ പോകേണ്ടസ്ഥലം നിശ്ചയിച്ചു പക്ഷേ, തിരഞ്ഞെടുത്ത വഴി തെറ്റായിരുന്നു. അതുകൊണ്ട് ഇവിടെ ദുആ ചെയ്യുന്നവൻ ചിന്തിക്കേണ്ടതാണ്; വഴിയും ശരിയായിരിക്കണം. എത്ര അധ്വാനമാണോ വേണ്ടത് അതു ചെയ്യുകയും വേണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, കെമിസ്റ്റ് പരാജിതനായി ഇരിക്കുമ്പോൾ പറയുന്നു 'ഒരു ചൂടിന്റെ കുറവ് ഉണ്ട്.' അതായത് അദ്ദേഹം സ്വർണമുണ്ടാകുമെന്നതിൽ നിരാശനാകുകയില്ല. മറിച്ച് തന്റെ പരിശ്രമത്തിലുള്ള കുറവുകൊണ്ടാണ് അതുണ്ടാകാത്തത് എന്നാണ് പറയുന്നത്. വാസ്തവത്തിൽ രസതന്ത്രത്തിൽ പ്രതീക്ഷയ്ക്കുള്ള വകതന്നെയില്ല. അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിക്കുന്നതിനും അവന്റെ സാമീപ്യം പ്രാപിക്കുന്നതിനും പൂർണമായ പ്രതീക്ഷയുണ്ട്.തന്റെ ജീവിതം മുഴുവൻ ഒരു ചൂടിന്റെ കുറവിൽ അവസാനിക്കുന്ന രസതന്ത്രജ്ഞൻ തന്റെ പ്രവൃത്തിയിൽ എപ്പോഴും പരാജയപ്പെട്ടിട്ടും നിരാശനാവുന്നില്ല. പക്ഷേ, അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്ന വ്യക്തി വിജയിക്കുന്നില്ലെങ്കിൽ അത് തന്റെ പ്രവർത്തന രീതിയുടെ കുറവാണെന്ന് സമ്മതിക്കുന്നില്ല. എന്നല്ല അല്ലാഹുവിനെതൊട്ട് നിരാശനായി ക്ഷണത്തിൽ നിരാശനായിത്തീരുന്നു. തന്റെ എല്ലാ പരിശ്രമവും ഉപേക്ഷിച്ച് കുത്തിയിരിക്കുന്നു. കെമിസ്റ്റ് തെറ്റിനെ തന്നിലേക്ക് കുറിമാനമാക്കുന്നു. സ്വർണം ആകും എന്ന ഭാവനയെ ദൃഢമായി മനസ്സിലാക്കുന്നു. എന്നാൽ, അല്ലാഹുവിനെ പ്രാപിക്കാൻ ശ്രമിക്കുന്നവൻ തന്റെ തെറ്റിനെ അല്ലാഹുവിലേക്ക് കുറിമാനമാക്കുകയും അവനെ ഉപേക്ഷിച്ചുകളയുകയും ചെയ്യുന്നു.'(ഖുത്ബാത്തെ മഹ് മൂദ് വാല്യം 11 പേജ് 60)

ഇക്കാലത്ത് റിസർച്ച് ചെയ്യുന്നവരുടെ അവസ്ഥയും ഇതുതന്നെയാണ്. ഒരുദ്ദേശ്യം നേടുന്നതിനുവേണ്ടി വർഷങ്ങൾ ചെലവഴിക്കുന്നു. പിന്നീട് വർഷങ്ങൾ കഴിഞ്ഞിട്ടായിരിക്കും എന്തെങ്കിലും വിജയമുണ്ടാകുന്നത്. അതും ഒരു പ്രാവശ്യം സ്വായത്തമാക്കിയതുതന്നെ വീണ്ടും സ്വീകരിച്ചുകൊള്ളണമെന്നില്ല. വിവിധ ഗവേഷണങ്ങളിൽ വിവിധ രീതികൾ മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ആത്മീയത ലഭിക്കുന്നതിനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ദുആകൾ സ്വീകരിക്കപ്പെടുന്നതിനും അതിന്റേതായ വഴി നോക്കേണ്ട ആവശ്യമുണ്ട്. സ്വന്തം പരിഷ്കരണത്തിന്റെ ആവശ്യമുണ്ട്. എങ്ങനെയാണ് പരിഷ്കരണം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പരിശോധിക്കേണ്ട ആവശ്യമുണ്ട്. ആത്മപരിശോധനനടത്തേണ്ട ആവശ്യമുണ്ട്. സ്വന്തം ആരാധനകളെ നോക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. എത്തരത്തിലുള്ള കർമങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ ചിന്താഗതികൾ ശരിയാക്കേണ്ട ആവശ്യമുണ്ട്. താൻ തന്റെ ദാസരുടെ അടുത്താണെന്നും അവരുടെ ദുആ കേൾക്കുന്നുവെന്നും അല്ലാഹു പറയുമ്പോൾ, അവൻ അടുത്തുവരുന്നില്ലെങ്കിൽ, ദുആകൾ കേൾക്കുന്നില്ലെങ്കിൽ നമ്മുടെ ശ്രമങ്ങളിലും അവസ്ഥകളിലും എന്തെങ്കിലുമൊക്കെ കുറവ് എവിടെയെങ്കിലും ഉണ്ടാകും.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു.രണ്ടുതരത്തിലുള്ള ദരിദ്രരുണ്ട്. ഒന്ന് നർഗദാ രണ്ടാമത്തേത് ഖർഗദാ. നർഗദാ എന്നു പറയുന്നവർ ആരുടെയെങ്കിലും വീട്ടുപടിക്കൽപോയി മുട്ടി വിളിച്ച് എന്തെങ്കിലും തരണേ എന്നു പറയും. ആരെങ്കിലും എന്തെങ്കിലും ഇട്ടുകൊടുത്താൽ എടുക്കും ഇല്ലെങ്കിൽ ഒന്നുരണ്ടുപ്രാവശ്യം കൂടി മുട്ടി വിളിച്ചതിനുശേഷം അവിടെന്ന് മുന്നോട്ടു പോകും. എന്നാൽ, ഖർഗദാ അങ്ങനെയല്ല. കിട്ടാത്തിടത്തോളം അവിടെനിന്ന് അനങ്ങുകയില്ല. ഇത്തരം യാചകർ വാങ്ങാതെ പോകുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഇത്തരം യാചകർ വളരെ കുറവാണ്. എനിക്കോർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കലും ഒരാൾ വന്നിരിക്കാറുണ്ടായിരുന്നു. എന്തെങ്കിലും കൊടുക്കാതെ അയാൾ എഴുന്നേറ്റു പോകുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) വെളിയിൽവന്ന് അയാൾക്കെന്തെങ്കിലും കൊടുക്കുന്നതുവരെ അയാൾ അവിടെ ഇരിക്കുമായിരുന്നു. ചിലപ്പോൾ ഇത്ര വാങ്ങണമെന്ന് അയാൾ നിശ്ചയിച്ചുറപ്പിക്കുകയും ചെയ്തിട്ടുണ്ടാകും. അതിനെക്കാൾ കുറച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊടുക്കുന്നതെങ്കിൽ അയാൾ അത് വാങ്ങുമായിരുന്നില്ല. അയാൾ അവിടന്ന് പോകുന്നതിനുവേണ്ടി അതിഥികൾ അയാൾ നിശ്ചയിച്ച തുക പൂർത്തിയാക്കിക്കൊടുന്ന അവസരങ്ങളും ഉണ്ടായിരുന്നു. പറയുന്നു, ഞാൻ കണ്ടിട്ടുണ്ട് അയാളുടെ വായിൽനിന്ന് താൻ ഇത്രവാങ്ങണമെന്ന് പുറപ്പെട്ടു കഴിഞ്ഞാൽ അതു തികയ്ക്കാതെ അയാൾ പോകുമായിരുന്നില്ല. ഹദ്റത്ത് സുഖമില്ലാതായാൽ, സുഖമായി വെളിയിൽവരുന്നതുവരെ അവിടെ യുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ദുആ സ്വീകരിക്കപ്പെടുന്നതിന് മനുഷ്യൻ ഖർഗദയാകേണ്ടത് അനിവാര്യമാണ്. ചോദിച്ചുകൊണ്ടേപോകുക. അല്ലാഹുവിന്റെ സന്നിധിയിൽ ചമ്രംപടിഞ്ഞിരിക്കുക. ഇനി അതിനെ സംബന്ധിച്ച് ദുആ ചെയ്യരുതെന്ന് അല്ലാഹുവിന്റെ പ്രവൃത്തി സ്ഥാപിച്ചു കാണിക്കാത്തിടത്തോളം അവിടെനിന്ന് അനങ്ങരുത്.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 10 പേജ് 200).+

അതിനെ സംബന്ധിച്ച് ദുആ ചെയ്യരുത് എന്ന് കാണിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തി പല വിധത്തിലുണ്ട്. ഉദാഹരണത്തിന് ഒരു സ്ത്രീ ഗർഭിണിയാണ്. ഇക്കാലത്ത് സയൻസനുസരിച്ച് കുട്ടി ആണോ പെണ്ണോ എന്ന് മുൻകൂട്ടി അറിയാൻ സംവിധാനമുണ്ട്. അവസാന സമയമെത്തുമ്പോൾ തികച്ചും അത് അറിയാൻ കഴിയും. ആ സമയത്ത് ഇത് ആൺകുട്ടിതന്നെയായിരിക്കണം എന്ന് പറയുന്നത് അല്ലാഹുവിന്റെ പ്രവർത്തിക്ക് എതിരാണ്. അത് പിറവിയുടെ അവസാന സമയമാണ്. അടുത്ത ഗർഭമുണ്ടാകുമ്പോൾ ഈ ദുആ സ്വീകരിക്കപ്പെടാവുന്നതാണ്. അങ്ങനെ ആൺകുട്ടി ലഭിക്കാം. അല്ലെങ്കിൽ ദൈവേച്ഛ പരസ്യമാക്കാം. എന്നിട്ടും മനുഷ്യൻ ദുആ ചെയ്യുകയാണെങ്കിൽ അത് തെറ്റാണ്. അത് മര്യാദകേടാണ്. പക്ഷേ, ഉപായങ്ങളും ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ലെന്ന കാര്യം ഓർക്കേണ്ടതാണ്. ഉപായങ്ങൾ സ്വീകരിക്കലും ദുആയോടൊപ്പം അത്യാവശ്യമാണ്. ഉപായങ്ങളും ദുആയും സ്ഥിരസ്വഭാവത്തോടുകൂടി ചെയ്തുകൊണ്ടിരിക്കുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചെടുക്കുന്നു. പ്രവർത്തനം ദുആയോടൊപ്പം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: 'ദുആയോടൊപ്പം പ്രവർത്തനം ഉണ്ടാകാതിരിക്കുക എന്നത് തികച്ചും തെറ്റായ കാര്യമാണ്. അത്തരം വ്യക്തിയുടെ ദുആ അയാളുടെ മുഖത്തേക്കുതന്നെ വലിച്ചെറിയപ്പെടുന്നതാണ്. കാരണം ദുആയോടൊപ്പം പ്രവർത്തി ചെയ്യാതിരിക്കുക എന്നത് അല്ലാഹുവിന്റെ നിയമം ലംഘിക്കലാണ്. അവനെ പരീക്ഷിക്കലാണ്. മനുഷ്യൻ അല്ലാഹുവിനെ പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ അന്തസ്സിന് ചേർന്നതല്ല. അല്ലാഹു നമ്മെ സ്ഥിരസ്വഭാവത്തോടും നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചും ബാഹ്യമായ വശങ്ങൾ സ്വായത്തമാക്കിയുംകൊണ്ട് ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാനൊരു ജനാസയും നമസ്കരിക്കുന്നതാണ്. അത് ശഹീദിന്റെ ജനാസയാണ്. ശേഖോപൂരാ ജില്ലയിലെ കോട്ട് അബ്ദുൽമാലിക് എന്ന സ്ഥലത്തെ മുഹമ്മദ് അലി സാഹിബിന്റെ മകൻ ഖമറുള്ളിയാ സാഹിബിനെ

**EDITOR**
**H.SHAMSUDDIN**
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 07 April 2016 Issue-5

**MANAGER**
**NAWAB AHMAD**
Tel : (0091) 1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

ശത്രുക്കൾക്ക് 2016 മാർച്ച് ഒന്നിന് ഉച്ചയ്ക്ക് ഏകദേശം ഒന്നരമണിക്ക് അദ്ദേഹത്തിന്റെ വീടിന്നു വെളിയിൽവച്ച് കഠാരകൊണ്ട് കുത്തി ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. സംഭവം നടക്കുന്ന ദിവസം ഖമറുള്ളിയാ സാഹിബ് വീടിനോടു ചേർന്നുള്ള കട അടച്ച് തന്റെ മക്കളെ സ്കൂളിൽനിന്ന് കൊണ്ടുവരുന്നതിനുവേണ്ടി വീട്ടിൽനിന്നിറങ്ങിയതായിരുന്നു. അജ്ഞാതരായ രണ്ട് അക്രമികൾ അദ്ദേഹത്തിന്റെമേൽ ആക്രമണം നടത്തി വലിച്ചു ഇടവഴിയിൽ കൊണ്ടുപോയി. ഒരാൾ ഖമറുള്ളിയാ സാഹിബിനെ പിടിക്കുകയും മറ്റെയാൾ കഠാരകൊണ്ട് കുത്തുകയുമായിരുന്നു. ഖമറുള്ളിയാ സാഹിബ് തന്നെ രക്ഷിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ നെഞ്ചിലും തോളിലും ഹൃദയത്തിലും കഴുത്തിലും കഠാരകൊണ്ടുള്ള മുറിവേറ്റിരുന്നു. ഒരു അക്രമി അദ്ദേഹത്തിന്റെ കഴുത്തിന് പിന്നിൽ കുത്തി. ശരീരത്തിൽ കഠാര കുത്തിനില്ക്കുന്ന നിലയിൽ അദ്ദേഹത്തെ ഉപേക്ഷിച്ച് അക്രമികൾ ഓടിപ്പോയി. സംഭവസ്ഥലത്തു തന്നെ അദ്ദേഹം ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അദ്ദേഹത്തിന്റെ പ്രപിതാമഹൻ ദൗലത്ത് ഖാൻ സാഹിബ് മുഖേനയാണ്. അദ്ദേഹം ഗുരുദാസ്പൂർ ജില്ലയിലെ ഔലക്ബേരിയിൽനിന്ന് ഖാദിയാനിൽ പോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. വഫാത്തിനുശേഷം ബിഹിശ്തി മഖ്ബറയിൽ ഖബ്റടക്കപ്പെട്ടു. പരേതനായ ശഹീദിന്റെ പിതാമഹൻ ഫത്ഹെ മുഹമ്മദ് സാഹിബും ദൈവാനുഗ്രഹത്താൽ ജന്മനാ അഹ്മദിയാണ്. അദ്ദേഹത്തിന്റെ ഖബ്റും ബിഹിശ്തി മഖ്ബറയിലാണ്. പാക്കിസ്താൻ നിലവിൽ വന്നതിനുശേഷം ഈ കുടുംബം ഹിജ്റത്ത് ചെയ്ത് സിയാൽക്കോട്ട് ജില്ലയിലെ കാലേക്കെനാഗ്രെയിൽ വന്ന് താമസമാക്കി. ശഹീദ്മർഹൂം ജനിച്ചതും അവിടെയാണ്. പിന്നീട് ഇദ്ദേഹം 1985-ൽ കോട്ട് അബ്ദുൽമാലിക്കിൽ വന്നു. ബിഎ വരെ പഠിച്ചിട്ടുണ്ട്. കുറച്ചുകാലം വിവിധ ഓഫീസുകളിൽ ഉദ്യോഗം വഹിച്ചതിനുശേഷം തന്റെ വീടിനോടു ചേർന്ന് ഒരു കട തുടങ്ങി. ഫോട്ടോസ്റ്റാറ്റ്-മൊബൈൽ ഷോപ്പായിരുന്നു. 2004-ൽ അദ്ദേഹം വിവാഹിതനായി. നിരവധി ഉൽകൃഷ്ഠ സ്വഭാവങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. വിശ്വസ്തയുടേയും സത്ഹൃദയത്തിന്റേയും മാന്യതയുടേയും സഹവാസശീലത്തിന്റേയും ഉടമയായിരുന്നു. അങ്ങേയറ്റം ആത്മാർഥനായ അനുരക്തനും ധൈര്യവാനുമായ യുവാവായിരുന്നു. കേന്ദ്ര അതിഥികളെ സ്വീകരിക്കുന്നതിൽ മുൻപന്തിയിലുണ്ടാകാറുണ്ടായിരുന്നു. ജമാത്തുപരമായ സേവനങ്ങളിലും മുന്നിലുണ്ടാകുമായിരുന്നു. എല്ലാവരോടും സൽസ്വഭാവത്തോടെ പെരുമാറുമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ മള്ഹർ അലി സാഹിബ് പറയുന്നു: നമസ്കാരങ്ങൾ നിർവഹിക്കുന്നതിന് പ്രത്യേകിച്ചും ജുമുഅ നമസ്കാരം നിർവഹിക്കുന്നതിന് പ്രത്യേകം ഏർപാടു ചെയ്യുമായിരുന്നു. ശഹീദ്മർഹൂം കൃത്യമായി ജുമുഅ നമസ്കരിക്കുന്നതുകണ്ട് അനഹ്മദികളായ കച്ചവടക്കാരും കട അടച്ച് ജുമുഅ നിർവഹിക്കാൻ പോകുമായിരുന്നു. ഈ മിർസായിക്ക് കട അടച്ച് ജുമുഅ നമസ്കരിക്കാൻ പോകാൻ സാധിക്കുന്നെങ്കിൽ നമ്മളും പോകേണ്ടതാണെന്ന് അവർ പറയുമായിരുന്നു. താൻ കാരണത്താൽ അനഹ്മദികളും ജുമുഅക്ക് പോകുന്ന കാരണത്താൽ അദ്ദേഹം ഒരിക്കലും ജുമുഅ മുടക്കുമായിരുന്നില്ല.

അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു, കഴിഞ്ഞ മാസം മുതൽ ശഹീദ് മർഹൂമിന്റെ ജീവിതശൈലിയിൽ വ്യക്തമായ മാറ്റങ്ങൾ കണ്ടിരുന്നു. എന്റെ കാര്യങ്ങൾ മുമ്പത്തെക്കാൾ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. എന്തെങ്കിലും കയർത്തുപറഞ്ഞാലും ദ്വേഷപ്പെടുമായിരുന്നില്ല. ശഹീദ് മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇപ്പോൾ സെക്രട്ടറി ഇസ്ലാഹ് വ ഇർശാദ് എന്ന നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഇതിനു പുറമെയും വിവിധ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇതിനുമുമ്പേയും വിവിധ ജമാഅത്തീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. എല്ലാ ജമാഅത്ത് പ്രവർത്തനങ്ങളിലും അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. അഹ്മദിയായ കാരണത്താൽ ശഹീദ് മർഹൂമിന് ശത്രുത ഉണ്ടായിരുന്നു. ഇതു സംബന്ധമായി പോലീസിലും ബന്ധപ്പെട്ടവർക്കും രേഖാമൂലം അപേക്ഷകളും നല്കിയിരുന്നു. 2012 ആഗസ്റ്റ് 12 ന് അഞ്ഞൂറോളം പേരടങ്ങുന്ന ഒരു ജാഥ പോലീസിന്റെ മേൽനോട്ടത്തിൽ ഖമറുൽള്ളിയാ സാഹിബിന്റെ വീടിന്റെ വെളിയിൽ സംഘടിച്ചിരുന്നു. ശത്രുക്കളുടെ സമ്മർദത്തിനു വഴങ്ങി ഒരു പോലീസുകാരൻ കടയുടെ കൗണ്ടറിൽ കയറി ചിത്രങ്ങൾ പറിച്ചു നീക്കാൻ തുടങ്ങി. കടയുടെ ഷട്ടറിൽ എഴുതിയിരുന്ന വല്ലാഹു ഖയ്ർറുറാസിഖീൻ, കലമ ത്വയ്യിബ എന്നിവയുടെമേൽ കറുത്ത മഷി പൂശുകയുണ്ടായി. അതിനുശേഷം ആ വീടിന്റെ മതിലിൽ പതിച്ചിരുന്ന അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ, മാശാഅല്ലാഹ് തുടങ്ങിയവയുടെ ലിഖിതങ്ങളും ചുറ്റികകൊണ്ട് തച്ചുടച്ചു. അവസാനം വീടിന്റെ വെളിയിൽ വെച്ചിരുന്ന നയിംപ്ലേറ്റിൽ മുഹമ്മദ് അലി എന്നെഴുതിയിരുന്നതിലെ മുഹമ്മദ് എന്ന പദവും ചുറ്റികകൊണ്ട് തച്ചുടച്ചു. ഇതാണ് അവരുടെ അവസ്ഥ. ഇതിന് ഇന്നാലില്ലാഹ് എന്ന് ചൊല്ലുകയല്ലാതെ മറ്റെന്തു മാർഗമാണുള്ളത്.

ഇപ്രകാരംതന്നെ 2014 ജനുവരി 26 ന് 40-50 മൗലവിമാരടങ്ങുന്ന ഒരു സംഘം അദ്ദേഹത്തിന്റെ കടയിൽനിന്ന് ബലാല്ക്കാരമായി വലിച്ച് പുറത്തിട്ട് മർദിച്ചതിനു പുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിത്രത്തെ അപമാനിക്കുകയും അശ്ലീലവാക്കുകൾ എഴുതുകയും ചെയ്തു. ആ സമയത്ത് പോലീസ് സ്ഥലത്തെത്തി ഖമറുള്ളിയാ സാഹിബിനെ സ്റ്റേഷനിൽ കൊണ്ടുപോകുകയാണ് ചെയ്തത്. പിന്നീട് ശത്രുക്കൾക്കെതിരെ ഒരു നടപടിയും എടുക്കാതെ ഒഴിവാക്കുകയാണുണ്ടായത്. എതിർപ്പിന്റെ ഈ അവസ്ഥയാണ് നിലനിന്നിരുന്നത്. സ്ഥിരമായി ഭീഷണി കിട്ടിയിരുന്നു. ഇദ്ദേഹം വിദേശത്തു പൊയ്ക്കളയുമോ എന്ന ചിന്തയായിരുന്നു അവർക്ക്. പക്ഷേ, അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് പദവി നല്കി അനുഗ്രഹിച്ചു. തന്റെയടുത്തേക്ക് വിളിക്കുകയും ചെയ്തു.

ശഹീദു മർഹൂമിന് രണ്ടു സഹോദരന്മാർക്കും രണ്ടു സഹോദരിമാർക്കും പുറമെ പിതാവ് മുഹമ്മദ് അലി സാഹിബും ഭാര്യ റൂബി ഖമർസാഹിബയും മൂന്നു മക്കൾ ഖുദയ്ഫ അഹ്മദ് പത്തു വയസ്സ്, മകൾ അമത്തുൽ മത്തീൻ ഏഴു വയസ്സ്, മറ്റൊരു മകൾ അമത്തുൽ ഹാദി നാലു വയസ്സ് ഉണ്ട്. അല്ലാഹു നമ്മുടെ ഈ ശഹീദ് മർഹൂമിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. തന്റെ തൃപ്തിയുടെ സ്വർഗത്തിൽ എപ്പോഴും അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ജന്നത്തിലെ അനുഗ്രഹങ്ങൾ നല്കുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സാമീപ്യത്തിൽ ഇടം നല്കുമാറാകട്ടെ.

**പേജ് 2ൽ നിന്ന്**

ഗ്രന്ഥമായ അൽവസിയ്യത്തിൽ രണ്ടാം ശക്തിപ്രഭാവത്തിന്റെ വ്യാഖ്യാനം ഖിലാഫത്താണെന്ന് ഈ വാക്കുകളിൽ പറയുകയുണ്ടായി: 'അപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേല്പിച്ചുനിറുത്തി രണ്ടാമതും തന്റെ ശക്തിപ്രഭാവത്തിന്റെ മാതൃക കാണിച്ചു. ഇസ്ലാമിനെ വീഴുന്നതിൽനിന്ന് താങ്ങിപ്പിടിച്ചു.'

ദൈവികവാഗ്ദാനമനുസരിച്ച് ആ മഹാത്മാവിന്റെ വഫാത്തിനുശേഷം മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ(റ) രണ്ടാം ശക്തിപ്രഭാവത്തിന്റെ ഒന്നാമത്തെ പ്രതീകമായി തിരഞ്ഞെടുക്കപ്പെട്ടു. വീഴാൻപോകുന്ന ജമാഅത്തിനെ അവിടന്ന് സംരക്ഷിച്ചു. ആഭ്യന്തരമായ കുഴപ്പങ്ങളെ അടിച്ചമർത്തി. ആഭ്യന്തരമായിട്ടും ബാഹ്യമായിട്ടും, രണ്ടുതലങ്ങളിലും ജമാഅത്തിനെ ഉറപ്പുള്ളതും ഐക്യമുള്ളതുമാക്കി. അവിടന്ന് ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:'നിങ്ങൾ മര്യാദ പഠിക്കുക. കാരണം അതാണ് നിങ്ങൾക്കുള്ള അനുഗൃഹീതവഴി. നിങ്ങൾ അല്ലാഹുവിന്റെ ഈ പാശത്തെ (ഖിലാഫത്ത് എന്ന അനുഗ്രഹത്തെ) മുറുകെ പിടിക്കുക. ഇതും അല്ലാഹുവിന്റെ പാശം തന്നെയാണ്. ഇത് നിങ്ങളുടെ വിവിധ ഭാഗങ്ങളെ ഒന്നിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അതിനെ മുറുകെപിടിച്ചുകൊള്ളുക.' (ബദ്ർ പത്രം, 1912, ഫെബ്രുവരി 1)

അദ്ദേഹം 1914 മാർച്ച് 13ന് തന്റെ യഥാർഥ യജമാനനിൽ ചെന്നുചേർന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.(തുടരും)

# കണ്ണൂരിൽ നബികീർത്തന സമ്മേളനം

**കണ്ണൂർ**: 2016 ജനുവരി 13ന് കണ്ണൂർ-കാസർഗോഡ് ജില്ല ലജ്നാ ഇമായില്ലായുടെ(അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വനിത വിംഗ്) ആഭിമുഖ്യത്തിൽ കണ്ണൂർജില്ലയിലെ ജവഹർ ഓഡിറ്റോറിയത്തിൽ നബികീർത്തന സമ്മേളനം സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയുടെ പ്രഥമമേയർ സ്ഥാനം അലങ്കരിക്കുന്ന ശ്രീമതി ഇ.പി. ലത സമ്മേളനം ഉദ്ഘാടനം ചെയ്തു. മേയർ തന്റെ ഉൽഘാടന പ്രഭാഷണത്തിൽ നബികീർത്തന പരിപാടിയെ പ്രശംസിക്കുകയും നബിതിരുമേനിയുടെ ചരിത്രം പഠിക്കാൻ താൻ ശ്രമിക്കുമെന്ന് പറയുകയും ചെയ്തു. നബിതിരുമേനി ലോകത്ത് ശാന്തിയും സമാധാനവും പരത്താൻ അവതരിച്ചതാണ്. അവർ പറഞ്ഞു. ജില്ലാ ലജ്ന ഇമായില്ലാഹ് സ്വദ്ർ ജുവൈരിയ ഗൗഹർ സാഹിബ അധ്യക്ഷയായി. പഴയങ്ങാടി മജ്ലിസിലെ ശാഹിദ സാഹിബ ഖുർആൻ പാരായണം ചെയ്തു. ജില്ലാ ലജ്നാ ഇമായില്ലാഹ് ജനറൽ സെക്രട്ടറി നസീറാ മൻസൂർ സാഹിബ സ്വാഗതം പറഞ്ഞു.

കണ്ണൂർ സിറ്റി സ്വദ്ർ സഫൂറ ശഫി സാഹിബ നബി(സ) തിരുമേനി വിശ്വസ്നേഹദീപം എന്ന വിഷയത്തെ ആസ്പദമാക്കിയും മോഗ്രാൽ സ്വദ്ർ ശക്കീല റഫി സാഹിബ നബി(സ) തിരുമേനി ശാന്തിയുടെയും സമാധാനത്തിന്റെയും പ്രവാചകൻ എന്ന വിഷയത്തെ അധികരിച്ചും സംസാരിച്ചു. കണ്ണൂർ കോർപ്പറേഷൻ സ്റ്റാന്റിംഗ്കമ്മിറ്റി അംഗമായ അഡ്വ. ഇന്ദിര, കണ്ണൂർ മുൻസിപ്പാലിറ്റി മുൻ ചെയർ പേഴ്സൺ റോഷ്നി ഖാലിദ് എന്നിവർ ആശംസകൾ നേർന്നു. കണ്ണൂർ, കടലായി ലജ്നാ ഇമായില്ലാഹ് അംഗങ്ങൾ നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) രചിച്ച വിശ്വവിഖ്യാതമായ അറബി ഖസീദ, മലയാളം തർജമയോടെ മനോഹരമായ ഈണത്തിൽ ആലപിച്ചത് സദസ്സിനെ ശ്രദ്ധേയമാക്കി. കണ്ണൂർ ടൗൺ മജ്ലിസിലെ നിഹാനാ നാസർ സാഹിബ ഉർദു പദ്യം ചൊല്ലി. കൂടാളി മജ്ലിസിൽനിന്നുള്ള ഫാത്തിമ ബശീർ സാഹിബ ഹദീഥ് കേൾപ്പിച്ചു. പ്രസ്തുത യോഗത്തിൽ അനഹ്മദികളടക്കം 400ൽപരം അംഗങ്ങൾ പങ്കെടുത്തു. യോഗത്തോടനുബന്ധിച്ച് നബി(സ)തിരുമേനിയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള എക്സിബിഷനും ബുക്സ്റ്റാളും സംഘടിപ്പിച്ചിരുന്നു.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian,
Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin